LEADING CHRISTIAN MAGAZINE

# ആത്മാഭിഷേകം

2015 ജൂലൈ വാല്യം 10 ലക്കം 6

CHURCH OF ETERNITY
Reg.No.170/IV/2010

## Fundamental Knowledge of THEOLOGY Part-1

## അടിസ്ഥാന ദൈവശാസ്ത്രം ഭാഗം-1






## ബൈബിൾ

ദൈവസ്നേഹം ആസ്വദിച്ചറിയണമെങ്കിൽ നാം ബൈബിൾ വായിച്ച് പഠിക്കണം. ജ്ഞാന-വിജ്ഞാനങ്ങളുടെ മഹാസാഗരമാണ് ബൈബിൾ. ശാസ്ത്രവും, സാഹിത്യവും, ചരിത്രവും ദൈവദർശനവും ബൈബിളിൽ സമഞ്ജയുസമായി സമ്മേളിച്ചിട്ടുണ്ട്. അതിനേക്കാൾ ഉപരിയായി, മനുഷ്യരക്ഷയ്ക്ക് അത്യാവശ്യമായ പാപമോചനവും പരിശുദ്ധാത്മാവിനെയും നൽകി, നമ്മെ നിത്യതയോളമെത്തിക്കുന്ന, മനുഷ്യപുത്രനും ദൈവപുത്രനും ദൈവവുമായ ക്രിസ്തുവിനെ പരിചയപ്പെടുത്തുന്ന ഗ്രന്ഥവും ബൈബിൾ തന്നെ. മനുഷ്യരക്ഷയ്ക്ക് വേണ്ടി വീണ്ടെടുപ്പിൻ വേലയാണ് യേശുക്രിസ്തു ക്രൂശിതമരണത്തിലൂടെയും ഉയിർത്തെഴുന്നേൽപ്പിലൂടെയും നിർവ്വഹിച്ചതെങ്കിൽ, ദൈവപിതാവും പരിശുദ്ധാത്മാവും പ്ലാൻ ചെയ്ത അതേ രീതിയിലാണ് യേശുക്രിസ്തുവിലൂടെ ആ രക്ഷാകരമായ ഏകബലി സമർപ്പണം നടന്നത്.

യേശുവിലൂടെ സംലഭ്യമായ നിത്യരക്ഷ തന്നെയാണ് ബൈബിളിന്റെ ഇതിവൃത്തം. യേശുവിൽ വിശ്വസിച്ചുകൊണ്ട്, അവന്റെ രക്ഷാകരമരണത്തിലും ഉയിർപ്പിലും വീണ്ടും വരവിലും, ആർ വിശ്വസിക്കുന്നുവോ, അവർക്ക് **നിത്യരക്ഷയും,** അത്രയും ക്ലിയർകട്ടായി വിശ്വസിക്കുന്നതിനു പകരം വ്യത്യസ്ത സഭാവിശ്വാസങ്ങളിലെ ആചാരാനുഷ്ഠാനങ്ങൾ തുടരുകയും അറിവിന്റെ പ്രായത്തിലെ ബാപ്റ്റിസത്തെയും കർത്തൃമേശയെയും എതിർത്തുകൊണ്ട് ചൈൽഡ്ബാപ്റ്റിസവും, കുർബ്ബാനയുൾപ്പെടെ വമ്പിച്ച ബഹുകൂദാശ - പുണ്യവാളവണക്കങ്ങളും ആവിഷ്ക്കരിക്കുന്നവർക്ക് **നിത്യശിക്ഷയും** നൽകും എന്ന് ബൈബിൾ ആധികാരികമായി പഠിപ്പിക്കുന്നു. ക്രിസ്തുവിൽ രക്ഷ കണ്ടെത്താത്തവർ, നിത്യശിക്ഷയ്ക്ക് വിധിക്കപ്പെട്ട് നിത്യനരകത്തിൽ പോകുവാൻ ഇടവരുമെന്ന് മാത്രമല്ല, അവർക്ക് ഈ ഭൂമിയിലെ ജീവിതകാലത്ത് യഥാർത്ഥ സന്തോഷവും സമാധാനവും ലഭിക്കുകയില്ലന്നും കൂടി ബൈബിൾ പഠിപ്പിക്കുന്നു.

ബൈബിളാണ് "ബെസ്റ്റ് സെല്ലർ" എന്ന പേരിന് എക്കാലവും അർഹമായ ഗ്രന്ഥം. ദൈവരാജ്യത്തിന്റെ ഭരണഘടനയാണ് ബൈബിൾ.

## ബൈബിൾ രചന

മോശയാണ് ഉൽപത്തി ഉൾപ്പെടെയുള്ള ആദ്യത്തെ അഞ്ച് ഗ്രന്ഥങ്ങളും രചിച്ചത്. അപ്പൊസ്തലനായ യോഹന്നാനാണ് ബൈബിളിലെ അവസാനഗ്രന്ഥമായ വെളിപാട് രചിച്ചത്. അപ്പൊസ്തലപ്രവർത്തനങ്ങൾ 7-ാം അദ്ധ്യായത്തിൽ 22-ാം വാക്യത്തിൽ "മോശ മിസ്രയീമ്യരുടെ സകല ജ്ഞാനവും അഭ്യസിച്ച് വാക്കിലും പ്രവൃത്തിയിലും സമർത്ഥനായിത്തീർന്നു" എന്നെഴുതിയിരിക്കുന്നുവല്ലോ. തന്നെയുമല്ല, ദൈവം മോശയോട് പുറപ്പാട് പുസ്തകം 17:14-ൽ ബൈബിൾ രചന നടത്താൻ കല്പ്പിക്കുകയും ചെയ്തു: "യഹോവ മോശയോട് : നീ ഇത് ഓർമ്മയ്ക്കായിട്ട് ഒരു പുസ്തകത്തിൽ എഴുതി യോശുവയെ കേൾപ്പിക്കുക". പുറ.24:4,7-ലും 34:27-ലും സംഖ്യ 33:2-ലും ആവ.31:9-ലും സമാന വചനങ്ങൾ നമ്മൾ കാണുന്നു. ബി.സി 1500-ാം ആണ്ടിനോടടുത്താണ് മോശ പഴയനിയമത്തിലെ പഞ്ചഗ്രന്ഥികൾ രചിച്ചതെന്ന് വിശ്വസിക്കപ്പെടുന്നു. യോഹന്നാനാകട്ടെ എ.ഡി 86-നും 91-നും ഇടയ്ക്കുള്ള കാലത്താണ് വെളിപ്പാട് പുസ്തകം രചിച്ചതെന്നും കരുതുന്നു. നാല്പതോളം എഴുത്തുകാർ, അവരിൽ രാജാക്കന്മാരുണ്ട്, മന്ത്രിമാരുമുണ്ട്; പണ്ഡിതന്മാരും തത്വജ്ഞാനികളും പ്രവാചകന്മാരും ആട്ടിടയരും അപ്പൊസ്തലന്മാരും ഒക്കെയുണ്ട്. ഇവരിൽ പലരും ഒരിക്കലും തമ്മിൽത്തമ്മിൽ കണ്ടിട്ടുപോലുമില്ല. അവർ ബി.സി 1500-നും എ.ഡി 100-നും മദ്ധ്യേയുള്ള 1600 വർഷങ്ങളിലെ

എഡിറ്റോറിയൽ ബോർഡ്
editorial board
ചീഫ് എഡിറ്റർ:
ദേവസ്യാ മുല്ലക്കരസാർ
എഡിറ്റർ:
പാ:ടോമിച്ചൻ വട്ടപ്പാറയിൽ
സർക്കുലേഷൻ മാനേജർ: പാ: ജോയിച്ചൻ
പാ: അബ്രാഹം , പാ: ജോർജ്ജ്
പാ:സോജൻ, പാ: യേശുദാസ്
പാ: മാത്യു, പാ: ജോണി
ആർട്ടിസ്റ്റ് : ജോസഫ് ഫ്രാൻസിസ്
ഡി.റ്റി.പി : സ്നേഹ ജോയിച്ചൻ
ഇംഗ്ലീഷ് പരിഭാഷ: സംഗീത ചെന്നൈ
സ്റ്റിൽസ്: രഞ്ചിത്ത് പള്ളിച്ചൽ
ലേഔട്ട് & ഡിസൈൻ : ജീമോൻ




കാലയളവിനുള്ളിലാണ്, ബൈബിളിലെ ഗ്രന്ഥങ്ങളെല്ലാം രചിച്ചത്.

യേശുക്രിസ്തുവിനെ ദൈവമായി (പിതാവിന്റെ ആളത്തവും, പുത്രന്റെ ആളത്തവും, പരിശുദ്ധാത്മാവിന്റെ ആളത്തവും, കൂട്ടായ്മയായി ഒന്നിച്ച് ത്രീയേകദൈവമായിത്തീരുന്നു - സത്താ സമത്വം) അംഗീകരിച്ച് ആരാധനാ ജീവിതം അനുഭവിക്കുന്ന സഭകൾ വിശ്വാസത്തിന്റെ മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ള ദൈവശ്വാസീയമായ തിരുവെഴുത്തുകളെയാണ് ബൈബിൾ എന്ന് വിളിക്കേണ്ടത്. പുസ്തകങ്ങൾ എന്ന അർത്ഥത്തിൽ ഗ്രീക്കുഭാഷയിൽ ബിബ്ലിയാ എന്ന പദവും റ്റാ ബിബ്ലിയാ എന്ന പദവും മാറി മാറി ഉപയോഗിച്ചിട്ടുണ്ട്.

നിയമം എന്ന വാക്ക് ഉടമ്പടിയെ സൂചിപ്പിക്കുന്നു. എബ്രായ തിരുവെഴുത്തുകളെ പഴയനിയമം എന്ന് വിളിക്കുന്നു. മോശെ സീനായിൽ ചെയ്ത ഉടമ്പടിയെ (പുറ.24:3-8) അതായത്, ദൈവം തന്റെ ജനത്തോട് ചെയ്ത ഉടമ്പടിയെ, പ്രതിനിധാനം ചെയ്യുകയാണ് പഴയനിയമം എന്ന പദം. അക്കാലത്ത് യിസ്രയേൽ ജനം പുതിയ ഉടമ്പടിയെ പ്രതീക്ഷിക്കുന്നുമുണ്ടായിരുന്നു (യിര.31:33,34). ഇത് അനേകർക്ക് വേണ്ടി പാപമോചനത്തിനായി ചൊരിയുന്ന പുതിയ നിയമത്തിനുള്ള എന്റെ രക്തം (മത്താ.26:28) എന്ന് കർത്താവ് പ്രഖ്യാപിച്ചുവല്ലോ. 1 കൊറി.11:25-ൽ “അവ്വണ്ണം തന്നെ അത്താഴം കഴിഞ്ഞ ശേഷം അവൻ പാനപാത്രമെടുത്ത് : ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമമാകുന്നു. ഇതു കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ എന്നും കല്പിക്കുന്നു.

പഴയനിയമം എബ്രായഭാഷയിലാണെഴുതപ്പെട്ടത്. അരാമ്യഭാഷയും ചുരുക്കമായി ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. പുതിയ നിയമം ഗ്രീക്കുഭാഷയിലാണ് എഴുതപ്പെട്ടത്. അവിടവിടെയായി അരാമ്യഭാഷയും ഉണ്ട്. തലീഥാകുമീ (മർ.5:41) എഫാത്താ (മർക്കോ.7:34) ഏലോഹി, ഏലോഹി ലമ്മാ ശബക്ത്താനി (മർ.15:34) എന്നീ പദങ്ങൾ ക്രിസ്തുവിന്റെ നാവിൽ നിന്നും അടർന്നുവീണ അരാമ്യപദങ്ങളാണ്. ഗോൽഗോഥാ, ഗബ്ബാഥാ, ആബ്ബാ, മാറാനാഥാ (1 കൊരി.16:22) മാർത്താ, തോമസ്, അക്കല്ദാമാ എന്നിവയും അരാമ്യപദങ്ങളാണ്. ബാബിലോണ്യൻ അസ്സീറിയാ പദങ്ങളും, പേർഷ്യൻ പദങ്ങളും ബൈബിളിൽ വളരെ വിരളമായി ഉണ്ട്.

## വെളിപാട്

മനുഷ്യന് വിദ്യാഭ്യാസത്തിലൂടെയൊ മറ്റേതെങ്കിലും വിധത്തിലോ ആർജ്ജിച്ചെടുക്കുവാൻ കഴിയാത്തതിനെ ദൈവം നേരിട്ട്, കൃപയാൽ അവനെ ധരിപ്പിക്കും. ആ പ്രവൃത്തിയെയാണ് വെളിപാട് എന്ന് വിളിക്കുന്നത്.

സാമാന്യവെളിപാടും, സുവിശേഷവെളിപാടും ഉണ്ട്. സാമാന്യവെളിപ്പാടിനെ natural revelation അല്ലെങ്കിൽ general revelation എന്ന് പറയുന്നു. സുവിശേഷവെളിപാടിനെ special revelation എന്നോ super natural revelation എന്നോ വിളിക്കാം.

ഇവയിൽ സാമാന്യ വെളിപാട് എന്നു പറയുന്നത്, പ്രകൃതിയിലൂടെയുള്ളതും മന:സ്സാക്ഷിയിലൂടെ നേടുന്നതും സ്വർഗ്ഗസ്ഥനായ പിതാവ് സകലതും നന്മയ്ക്കായി പരിപാലിക്കുന്നതിനാൽ ദൈവപരിപാലനയിലൂടെ കണ്ട് അനുഭവിക്കുന്നതുമാണ്.

സുവിശേഷ വെളിപാട് എന്ന് പറയുന്നത് തിരുവെഴുത്തുകളുടെ

## ഉള്ളടക്കം


- അടിസ്ഥാന ദൈവശാസ്ത്രം 02
- അലർജി മാറി 06
- വാൽവിന് സൗഖ്യം 23
- കുഞ്ഞിനെ ലഭിച്ചു 10
- അസ്ഥികളിൽ സൗഖ്യം 24
- കുഞ്ഞിന്റെ കാലുകൾ നിവർന്നു 12
- തലമുറയെ ലഭിച്ചു 27
- ധാരാളം അനുഗ്രഹങ്ങൾ 15
- എല്ലാ വിഷയങ്ങൾക്കും A+ 30
- വാർത്തകൾ 34
- പ്രോഗ്രാം 35




പഥ്യോപദേശങ്ങൾ അറിഞ്ഞ് വചന പരിജ്ഞാനം നേടുന്നതും, ക്രിസ്തുവിന്റെ ജഡധാരണം, ക്രൂശുമരണം, ഉത്ഥാനം, വീണ്ടും വരവ്, ആ നാമത്തിലുള്ള വിടുതൽ എന്നിവയിലൂടെ വിശ്വാസത്താൽ ഏറ്റെടുക്കുന്നതും, പരിശുദ്ധാത്മാവ് ദർശന പ്രവചനാദികളാൽ നൽകുന്നവയുമാണ്.

**ബൈബിൾ കാനോൻ**

'കാനെഹ്' എന്ന എബ്രായ ധാതുവിൽ നിന്നാണ് "കാനോൻ" എന്ന പദമുണ്ടായത്. തിരുവെഴുത്തുകളുടെ ക്രമത്തെയും, കൂട്ടിച്ചേർക്കലിനെയും ഉദ്ദേശിച്ചും പഴയ-പുതിയനിയമങ്ങളിലെ പട്ടികയെ കുറിക്കുവാനും മാനദണ്ഡമെന്നോ അളവുകോലെന്നോ പറയാവുന്ന കാനോൻ എന്ന പദം ഉപയോഗിക്കുന്നു. കാനോനികത നിശ്ചയിക്കുന്നത് ദൈവാത്മാവ് തന്നെയാണ്. മറ്റൊരു ഘടകം യേശുക്രിസ്തുവും അപ്പൊസ്തലന്മാരും ആദിമ സഭാപിതാക്കന്മാരും അംഗീകരിച്ചവ ആയിരിക്കണം. പ്രഭാഷകൻ, തോബിത്ത്, യൂദിത്ത്, 1 മക്കബായർ, 2 മക്കബായർ, ജ്ഞാനം, ബാറൂക്ക് എന്നീ കത്തോലിക്കാബൈബിളിൽ കാണുന്ന അപ്പൊക്രിഫാഗ്രന്ഥങ്ങൾ, അകാനോനിക പുസ്തകങ്ങളാണ്. പുതിയനിയമത്തിലെ 27 പുസ്തകങ്ങളും എല്ലാ സഭാവിഭാഗങ്ങളും കാനോനികമെന്ന് സമ്മതിച്ചുപയോഗിച്ചുവരുന്നു.

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥനയും കുർബ്ബാനയും, എന്നത് പ്രസ്തുത അപ്പൊക്രിഫാഗ്രന്ഥങ്ങളിൽ കാണുന്ന ദുരുപദേശങ്ങളാണ്. അതുപോലെ ദാനധർമ്മം കൂടുതൽ നൽകിയാൽ പാപമോചനം ലഭിക്കും എന്ന അടിസ്ഥാനത്തിലുള്ള പഠിപ്പിക്കലുകളും ഒക്കെ അപ്പോക്രിഫാഗ്രന്ഥങ്ങളിൽ ചർച്ച ചെയ്യപ്പെടുന്നുണ്ട്. മക്കബായരുടെ പുസ്തകങ്ങളിൽ കാണുന്ന മരണാനന്തരകർമ്മങ്ങൾ ദൈവശ്വാസീയമാണെന്ന് വരുത്തിത്തീർത്തതിനാൽ ജനകോടികൾ അപ്രകാരം വിശ്വസിക്കുന്നു.

**സഭയാണോ ബൈബിൾ എഴുതിയത്?**

ഒരിയ്ക്കലും ഏതെങ്കിലും സഭയല്ല ബൈബിൾ എഴുതിയത്. ദൈവാത്മാവ്, പ്രവാചകന്മാരെയും അപ്പൊസ്തലന്മാരെയും ഉപയോഗിച്ചുകൊണ്ട്, എഴുതിയതാണ്. സഭ ആണ് ബൈബിൾ എഴുതിയത് എന്നു പറയുന്നവർ സഭ ആണ് ദൈവത്തെയും സൃഷ്ടിച്ചതെന്ന് പറയുവാൻ മടിക്കില്ല. B.C 286-ൽ എബ്രായഭാഷയിലുള്ള പഴയനിയമത്തിന്റെ ഗ്രീക്കുപരിഭാഷയായ സെപ്റ്റ്വജെന്റ് (spetuagaint) ബൈബിൾ പ്രസിദ്ധീകരിക്കപ്പെട്ടു. AD 405-ൽ ജെറോം, ലത്തീൻ ഭാഷയിൽ പ്രസിദ്ധീകരിച്ച ബൈബിൾ കത്തോലിക്കാസഭ അംഗീകരിച്ചിരുന്നു. 1522-ൽ ലൂഥറിന്റെ പുതിയനിയമവും (ജർമ്മൻ ഭാഷ) 1526-ൽ വില്യം ടിൻ ഡെയിലിന്റെ പുതിയനിയമവും (ഇംഗ്ലീഷ്) ജനകോടികൾ അക്കാലം മുതലെ വായിക്കുന്നുണ്ട്. 1611-ൽ കിംഗ് ജെയിംസ് ബൈബിൾ ഇറങ്ങി. 1982-ൽ ന്യൂ കിംഗ് ജെയിംസ് വേർഷനും ഇറങ്ങി. 1971-ൽ ദി ന്യൂ അമേരിക്കൻ സ്റ്റാൻഡേർഡ് ബൈബിളും 1973-ൽ ന്യൂ ഇൻർനാഷണൽ വേർഷനും 2002-ൽ ഇംഗ്ലീഷ് സ്റ്റാൻഡേർഡ് വേർഷനും ഇറങ്ങി. ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ, പലപ്പോഴായി പ്രസിദ്ധീകരിച്ച ബൈബിൾ ഭാഗങ്ങൾ ക്രോഡീകരിച്ച് 1910-ൽ "സത്യവേദപുസ്തകം" പ്രസിദ്ധീകരിച്ചു. 1452 മുതൽ അച്ചടിവിദ്യ കണ്ടുപിടിച്ച ഹെർമ്മൻഗുണ്ടർട്ട്, അദ്ദേഹത്തിന്റെ പ്രസ്സിൽ വ്യാപകമയ തോതിൽ ബൈബിൾ അടിച്ച് പ്രസിദ്ധീകരിച്ചു പോന്നിരുന്നു.

**ബൈബിൾ എങ്ങനെയാണ് വ്യാഖ്യാനിക്കേണ്ടത്?**

1. മുൻവിധിയും പക്ഷപാതവും തെറ്റ് കണ്ടുപിടിക്കുവാനുള്ള ശ്രമവും ഉപേക്ഷിച്ചുവേണം ബൈബിൾ വ്യാഖ്യാനിക്കുവാൻ.

2. മാനസാന്തരത്തിലൂടെ രക്ഷാനുഭവത്തിലേയ്ക്ക് വന്ന്, സമയമെടുത്ത് പ്രാർത്ഥനാ ജീവിതവും പതിവായുള്ള ബൈബിൾ പഠനവും, അത് മറ്റുള്ളവർക്ക് നൽകുന്ന സമർപ്പണം കൂടി ഉള്ളവർ വേണം ബൈബിൾ വ്യാഖ്യാനിക്കുവാൻ. അങ്ങനെയല്ലാത്തവരിലൂടെ സാത്താൻ തന്ത്രപരമായി കടന്നുവരികയും ദുരുപദേശങ്ങളും ദുർവ്യാഖ്യാനങ്ങളും മറ്റുള്ളവരിലേക്ക് കടന്നുവരുവാൻ ഇടയാകുകയും ചെയ്യും. ബൈബിൾ വ്യാഖ്യാനത്തിൽ മാത്രമല്ല, അപ്പപ്പോൾ ലഭിക്കുന്ന വെളിപാടുകൾക്കും വ്യാഖ്യാനം പറയേണ്ടത് ഇതുപോലെ ജ്ഞാനത്തിലും വിവേകത്തിലും വളർന്നവർ മാത്രമായിരിക്കണം.

3. ബൈബിൾ തിരുവചന




ങ്ങൾക്ക് നേരിട്ടുള്ള അർത്ഥവും പ്രത്യക്ഷത്തിലുള്ള അർത്ഥവും കൂടാതെ പഴയനിയമ പുതിയനിയമ സംഭവങ്ങളുടെ സാഹചര്യങ്ങൾ ഒന്നിച്ച് വിലയിരുത്തിക്കൊണ്ടുള്ള അമൂല്യങ്ങളായ ഗൂഢാർത്ഥ – മർമ്മങ്ങളും വ്യാഖ്യാതാവ് അഭിമുഖീകരിക്കേണ്ടതായിട്ടുണ്ട്.

4. ദൈവത്തിന്റെ വഴികൾക്കെതിരേ മത്സരിക്കുവാനുള്ള പ്രവണത പിശാചിനുണ്ട്, ലോകത്തിനും. നമ്മുടെ ജഢത്തിനുമുണ്ട്. മിക്ക മത ദാർശനികതക്കുമുണ്ട്. അതായത് പഴയനിയമത്തിലെ ജോസഫിന് (യോസേഫിന്) ദൈവം നൽകുവാൻ പോകുന്ന ഉയർച്ചയേപ്പറ്റി വെളിപാടുകൾ നൽകിയപ്പോൾ അത് ഉൾക്കൊള്ളുവാൻ ജോസഫിന്റെ മാതാപിതാക്കൾക്കുപോലും കഴിഞ്ഞില്ല. അവന്റെ സഹോദരങ്ങളാകട്ടെ ദൈവീക പദ്ധതിക്കെതിരേ ശക്തമായി പ്രവർത്തിക്കുകയും ചെയ്തു.

സത്യസന്ധമായും വചനവ്യവസ്ഥയ്ക്കനുകൂലമായും ദൈവം പ്രവർത്തിക്കുമ്പോൾ, വചനസന്ദേശം തരുമ്പോൾ, നമ്മുടെ ഹിതപ്രകാരമല്ല ദൈവം പ്രവർത്തിക്കുന്നതെങ്കിൽ, ദൈവീകജ്ഞാനത്തോടെ വചനത്തിന്റെ മുമ്പിൽ കീഴ്പ്പെടാതെ, അത് നമ്മുടെ ഇഷ്ടത്തിനനുസൃതമായി വളച്ചൊടിച്ച്, പെരുമാറുന്നവരും, വ്യാഖ്യാനിക്കുന്നവരും ഉണ്ട്. അത് പാടില്ലല്ലോ. ദൈവഹിതത്തിനും ദൈവവചനത്തിനും ജഢം എതിരായതുകൊണ്ട്, ദൈവവചനം വ്യാഖ്യാനിക്കുന്നിടത്തും പ്രാർത്ഥിക്കുന്നിടത്തുമൊക്കെ വ്യാപകമായ തെറ്റുകൾ വരുക തന്നെ ചെയ്യും.

ഇതര മാനുഷിക ഗ്രന്ഥങ്ങൾ പോലെ ദൈവവചനം ഗ്രഹിക്കാവുന്നതല്ല. “ഒരുവൻ പൊരുൾ തിരിച്ചു തരാഞ്ഞാൽ എങ്ങനെ ഗ്രഹിക്കും?” (അപ്പൊ.8:31) എന്ന് ഷണ്ഡൻ ചോദിക്കുന്നതിനേക്കാൾ നല്ല ഉദാഹരണമില്ല. എന്നോർത്ത് PHD വേണം, ബൈബിൾ വ്യാഖ്യാനിക്കാൻ എന്നല്ല. ബൈബിൾ വ്യാഖ്യാനിക്കാൻ ആവശ്യമായ കൃപാവരങ്ങൾ ദൈവം തന്നെ നൽകുന്നവയാണ്.

പ്രാർത്ഥനാപൂർവ്വം ബൈബിൾ തുറന്ന് ഏതെങ്കിലും ഭാഗം വായിക്കുന്നവർ ഉണ്ട്. അതിൽ എഴുതിയിരിക്കുന്നത് സാമാന്യമായി അവർ വായിക്കും. അക്ഷരാർത്ഥത്തിൽ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ പരിഗണിച്ച് എന്തെങ്കിലും ചെയ്യും. ഇങ്ങനെ ചെയ്യാൻ പാടില്ല, കാരണം, ദൈവവചനം ദൈവത്തിന്റെ മാത്രം ഭാവനയാണ്, ലോട്ടറിടിക്കറ്റ് എടുക്കുംപോലെ ഭാഗ്യനിർഭാഗ്യങ്ങൾ നിർണ്ണയിക്കാൻ ഉള്ളതല്ല. ആത്യന്തികമായി ബൈബിളിലെ പ്രസ്തുത ഭാഗം നൽകുന്ന ആശയവും, ബൈബിൾ മുഴുവനും നൽകുന്ന ആശയവും, എല്ലാം മനുഷ്യന്റെ നിത്യരക്ഷയെ ലക്ഷ്യം വച്ചുകൊണ്ടുള്ളതും ദൈനംദിനജീവിതം പാപത്തിന്റെയും ദു:ഖത്തിന്റെയും പിശാചിന്റെയും ലോകത്തിന്റെയും ആക്രമണങ്ങളിൽ നിന്ന് വിമുക്തമായി– പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട് ക്രിസ്ത്വാനുഭവങ്ങൾകൊണ്ട് നിറയുവാനുള്ളതുമാണ്. അങ്ങനെയിരിക്കെ കേവലം ഒരു വചനമെടുത്ത് എന്തെങ്കിലും ഒരു നിഗമനത്തിൽ എത്തുവാൻ പാടില്ല. അതുപോലെ കുറച്ചൊക്കെ ആത്മമണ്ഡലത്തിലേക്ക് വന്നവർക്ക് ചില ദർശനങ്ങളോ പ്രവചനങ്ങളോ ലഭിച്ചേക്കാം. അപ്പോൾ ‘എനിക്കു കിട്ടിപ്പോയി’ ദൈവീകദർശനത്തിന്റെ പൂർണ്ണത എന്ന് കരുതിപ്പോയേക്കാം. എന്നാൽ ചിലപ്പോഴൊക്കെ ചിലതൊക്കെ പൂർണ്ണമായി മനസ്സിലാക്കുവാൻ നമുക്ക് സാധിക്കുകയില്ല. എങ്ങനെയാണ് അവർക്ക് വ്യാഖ്യാനം ലഭിക്കുക? പുണ്യപൂർണ്ണതയെ പ്രാപിക്കുവാൻ ക്രിസ്ത്വാനുകരണം നടത്തുന്നവർ,

വചനപരിജ്ഞാനവും പരിശുദ്ധാത്മാഭിഷേകവും സർവ്വോപരി സ്നേഹത്തിനും വിശ്വാസത്തിനും ഉയർന്ന മാനസാന്തരവും വീണ്ടും ജനനവും ആവിഷ്ക്കരിക്കുന്നവർ ആയിരിക്കണം. അവർ വേണം ദർശനങ്ങളെ വ്യാഖ്യാനിക്കുവാൻ. അല്ലെങ്കിൽ തെറ്റ് പറ്റാം. തെറ്റ് പറ്റുമ്പോൾ ദൈവനാമം ദുഷിക്കപ്പെടുവാൻ ഇടയാകും എന്നാണ് വിവേകമതികൾ പറയുന്നത്.

സകല സത്യത്തിലും വഴി നടത്തുന്ന പരിശുദ്ധാത്മാവിന്റെ ശക്തിയിൽ വിശ്വസിക്കുന്നവരാണ് ദൈവവചന വ്യാഖ്യാനം എന്ന ശുശ്രൂഷ കൈകാര്യം ചെയ്യേണ്ടത്. എങ്കിലും ശക്തമായ ദൈവവിശ്വാസം അഥവാ ക്രിസ്തു വിശ്വാസമാണ് എല്ലാ നന്മക്കും കാരണമെന്നതും മറക്കാൻ പാടില്ല.




## ആചാരാനുഷ്ഠാനങ്ങളുടേയും തത്വശാസ്ത്രങ്ങളുടേയും സ്വാധീനം

ദുരുപദേശങ്ങൾ പ്രചരിപ്പിക്കുന്നതിൽ വിവിധ മതങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾക്കും പ്ലേറ്റോവിന്റെയും അരിസ്റ്റോട്ടിലിന്റെയും ഒക്കെ തത്വശാസ്ത്രങ്ങൾക്കും വലിയ പങ്കുണ്ട്. അതുപോലെ ലോകത്തിലെ എല്ലാ ഇസങ്ങൾക്കും ആകർഷകമായ തത്വശാസ്ത്രങ്ങൾ ഉണ്ട്. സ്വതന്ത്രഭാരതം ശതാബ്ദങ്ങളായി ഭരിച്ചിരുന്ന പല രാഷ്ട്രീയ പാർട്ടികളും എത്രയോ വർഷം കേന്ദ്രത്തെയും പശ്ചിമബംഗാളിനെയുമൊക്കെ ഭരിച്ചു. അത്രയും പിടിച്ചു നിന്നത് അവയുടെ തത്വശാസ്ത്രം ജനങ്ങളെ സ്വാധിനിച്ചതുകൊണ്ടാണ്.

എന്നാൽ വിശ്വാസത്തിലേക്കു വന്ന ശേഷവും നമ്മിൽ അനേകർ അങ്ങനെയുള്ള തത്വശാസ്ത്രങ്ങളിൽ നിന്നും രക്ഷപ്പെടുവാൻ കഴിയാതെ കുടുങ്ങിക്കിടക്കുന്നത്, ശ്രദ്ധിച്ചാൽ, കാണാവുന്നതാണ്.

## സമർപ്പണം

സാമൂഹിക-സാംസ്ക്കാരിക പ്രവർത്തനങ്ങൾ നമുക്കെല്ലാം വലിയ ഇഷ്ടമാണ്. ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തുക, കുട്ടികളുടേയും മുതിർന്നവരുടേയും കലാ-കായിക മത്സരങ്ങൾ നടത്തുക എന്നു തുടങ്ങി പല കാര്യങ്ങളും നാം ചെയ്യുന്നു. എന്നാൽ ഇത്തരം സംഭവങ്ങൾ മൂലം തിരുവചനപഠനത്തിനും വ്യാഖ്യാനത്തിനും സഭാ നിർമ്മാണത്തിനും ആവശ്യമായ സമയവും സമർപ്പണവും നമുക്കുണ്ടാകാതെ വന്നേക്കാം. അഗതികൾക്ക് ഉച്ചക്കും കഴിയുമ്പോഴൊക്കെയും ഭക്ഷണങ്ങളും മറ്റും നൽകുക, ഇല്ലാത്തവർക്ക് ചെറുതെങ്കിലും ഒരു ഭവനം പണിത് നൽകുക, ക്യാൻസർ പോലുള്ള രോഗങ്ങൾകൊണ്ട് കഷ്ടപ്പെടുന്നവർക്ക്, ഒറ്റയ്ക്കോ പിരിവെടുത്തോ നല്ല ചികിത്സ ലഭിക്കുവാനിടയാക്കുക, എന്നതെല്ലാം ആരു കണ്ടാലും കേട്ടാലും എത്ര ആകർഷണീയവും സാധാരണ ജനങ്ങൾക്ക് പ്രയോജനകരവുമാണ്.

ഇത്തരം അനുഗ്രഹങ്ങൾ അനുഭവിച്ചവർ അറിവും, വിദ്യാഭ്യാസവും, ആരോഗ്യവും നേടിയശേഷം നിത്യനരകാഗ്നിയിലേക്ക് പോകുവാനിടയാകുന്നുവെങ്കിലോ ? സുവിശേഷം അറിയുന്നതിനേക്കാളും അറിയിക്കുന്നതിനേക്കാളും പ്രാധാന്യം മറ്റൊന്നിനുമില്ല. സുവിശേഷ പ്രവർത്തനങ്ങൾ കൂടാതെയുള്ള എല്ലാ ക്രിസ്തീയ പ്രവർത്തനങ്ങളും അർത്ഥശൂന്യങ്ങളാണ്.

## സമ്പൂർണ്ണ വെളിപ്പാട്

“ദൈവം പണ്ട് ഭാഗം ഭാഗമായിട്ടും വിവിധമായിട്ടും, പ്രവാചകന്മാർ മുഖാന്തരം പിതാക്കന്മാരോട് അരുളിച്ചെയ്തിട്ട് ഈ അന്ത്യകാലത്ത് പുത്രൻ മുഖാന്തരം നമ്മളോട് അരുളിച്ചെയ്തിരിക്കുന്നു” (എബ്രാ.1:1) എന്ന തിരുവചനം എപ്പോഴും ശ്രദ്ധേയമാണ്. ബൈബിൾ എഴുതി തുടങ്ങി



ആൻമരിയ. എറണാകുളം.
Ph:9745112770

എന്റെ പേര് ആൻമരിയ. ഞാൻ എറണാകുളം ജില്ലയിൽ താമസിക്കുന്നു. എനിക്ക് ശരീരം മുഴുവൻ ചൊറിഞ്ഞുതടിക്കുന്ന അവസ്ഥയായിരുന്നു. ചികിത്സകളൊക്കെ ചെയ്തെങ്കിലും അതുകൊണ്ടൊന്നും വലിയ പ്രയോജനമുണ്ടായില്ല. അങ്ങനെയിരിക്കുമ്പോൾ ഞാൻ ദേവസ്യാ മുല്ലക്കരാസാറിന്റെ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കാൻ ഇടവന്നു. അവിടെവച്ച് സത്യസുവിശേഷം കേൾക്കുവാൻ ഇടയാകുകയും എന്റെ കർത്താവ് എന്നെ സ്പർശിക്കുവാനും ഇടവന്നു. ശുശ്രൂഷക്കുശേഷം വ്യക്തിപരമായ പ്രാർത്ഥനയിൽ സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. അതിനുശേഷം എന്നോട് മൂന്നു പ്രാവശ്യംകൂടെ വന്ന് വചനം കേൾക്കണമെന്നും പറഞ്ഞു. അങ്ങനെതന്നെ ഞാൻ വരികയും സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പിന്നീട് അത്ഭുതകരമായി എന്റെ അലർജിയുടെ അസുഖമെല്ലാം മാറിയതായി എനിക്കനുഭവപ്പെട്ടു. അതെ, കർത്താവായ യേശു എനിക്ക് അത്ഭുതകരമായി വിടുതൽ തന്ന് എന്നെ അനുഗ്രഹിച്ചെന്ന് ഞാൻ മനസ്സിലാക്കുന്നു.




യതുതന്നെ ക്രിസ്തുവിന് 1600 വർഷം മുമ്പാണ്. അക്കാലത്ത് ദൈവീക വെളിപ്പാട് ഭാഗം ഭാഗമായി മാത്രമാണ് ലഭിച്ചിരുന്നത്. എന്നാൽ ഈ അന്ത്യ കാലത്ത് ദൈവപുത്രൻ മാഖാന്തിരം ലഭിച്ച വെളിപ്പാട് സമ്പൂർണ്ണമാണ്. അതായത് മാനസാന്തരം, പാപമോചനം, ശാപവിമോചനം, രോഗവിമോചനം, പൈശാചിക വിമോചനം എന്നീ അടിസ്ഥാന കാര്യങ്ങളിലും, അതിനേക്കാൾ കൂടുതലായി പരിശുദ്ധാത്മ സ്നാനവും, സഭാ നിർമ്മാണവും, ക്രിസ്തുവിന്റെ വീണ്ടും വരവും, ഏറ്റവും ഒടുവിൽ സ്വർഗ്ഗം ലഭിക്കലുമൊക്കെ യേശുക്രിസ്തുവിലൂടെ ലഭിച്ച വെളിപ്പാടാണ്, ആതാമാവിന്റെ പ്രവർത്തനങ്ങൾക്കാണ് പ്രാധാന്യമെന്ന് നാം പറയുമ്പോൾത്തന്നെ ആത്മാവിന്റെ പ്രവർത്തനം തന്നെ സമ്പൂർണ്ണമായും ക്രിസ്തുവിനെ വെളിപ്പെടുത്തുക എന്നതുതന്നെയാണ്. ഇവ രണ്ടും പരസ്പര പൂരകങ്ങളാണ്. ഈ കൃപായുഗത്തിൽ, ദൈവസഭയെയും ദൈവരാജ്യത്തെയും തിരുവചനാടിസ്ഥാനത്തിൽ വെളിപ്പെടുത്തിത്തന്നതിനാൽ നമ്മെ ആത്മനിറവോടെ പരിശുദ്ധാത്മാവ് നയിക്കുന്നു എന്നത് നിസ്തർക്കമത്രെ. "സത്യത്തിന്റെ ആത്മാവു വരുമ്പോഴൊ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും; അവൻ സ്വയമായി സംസാരിക്കാതെ താൻ കേൾക്കുന്നത് സംസാരിക്കുകയും വരുവാനുള്ളത് നിങ്ങൾക്ക് അറിയിച്ചുതരുകയും ചെയ്യും, അവൻ എനിക്കുള്ളതിൽ നിന്ന് എടുത്ത് നിങ്ങൾക്ക് അറിയിച്ചു തരുന്നതുകൊണ്ട് എന്നെ മഹത്വപ്പെടുത്തും. പിതാവിനുള്ളതൊക്കെയും എനിക്കുള്ളതാണ്; അതുകൊണ്ടത്രെ, അവൻ എനിക്കുള്ളതിൽ നിന്നെടുത്ത് നിങ്ങൾക്ക് അറിയിച്ചുതരും എന്ന് ഞാൻ പറയുന്നത്" (യോഹ.16:13–16).

ദൈവാത്മാവ് ഒരു സംഗതി വെളിപ്പെടുത്തുന്നു എന്ന് പ്രവാചക ശുശ്രൂഷ ചെയ്യുന്നവർ പറഞ്ഞേക്കാം. അതൊരു വിശുദ്ധ വെളിപ്പാടും ആയിരിക്കാം. പക്ഷെ ദൈവാത്മാവ് ത്രീയേകദൈവത്തിൽപെട്ട ഒരാളത്തമാണെന്നും അത് ക്രിസ്തുവിന്റെ തന്നെ ആത്മാവാണെന്നും കേൾവിക്കാരന് മനസ്സിലാകുന്നില്ലെങ്കിൽ ക്രമേണ അത് ദുരുപദേശത്തിലേക്ക് പോകും. "ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ ക്രിസ്തുവിനുള്ളവനല്ല" (റോമ.8:9). പ്രവചനങ്ങൾ ഉണ്ട്, അന്യഭാഷയുണ്ട്, രോഗ-ഭൂത-ശാന്തികളൊക്കെയും ഉണ്ട്. ഇതൊക്കെ നൽകുന്നത് യഹോവയോ ക്രിസ്തുവോ അല്ലെന്ന് തോന്നിപ്പോകുന്ന വിധത്തിലുള്ള ഒരു പ്രത്യേക കൺസപ്റ്റ് ഉണ്ടാകരുത്, ആത്മനിറവു വേണം, അത് മുട്ടോളവും അരയോളവും അല്ല, നീന്തിയിട്ടല്ലാതെ കടക്കുവാൻ വയ്യാത്ത വിധത്തിൽ എന്ന് നാം പാടുകയും, പറയുകയും വിശ്വസിപ്പിക്കുകയും ചെയ്യുമ്പോൾ, രോഗസൗഖ്യമോ, ഭൂതങ്ങളിൽ നിന്ന് വിടുതലോ സാമ്പത്തികമായ കടഭാരങ്ങളിൽ നിന്നും വിമോചനമോ ലഭിക്കുന്നവർ ദൈവാത്മാവിൽ ലയിക്കുവാൻ തപസ്സായി, അത്തരം ശുശ്രൂഷക്കാരാണ് യഥാർത്ഥ ശുശ്രൂഷകരെന്ന മട്ടിൽ അവരെ ചുറ്റിപ്പറ്റിയുള്ള ആദരവും "പൈസ" കൊടുക്കലുമായി, അവരാകട്ടെ മറ്റേതൊരു ശുശ്രൂഷക്കാരെക്കാളും കേമന്മാരെന്ന ചിന്തയിൽ ദൂതു കൊടുക്കലും, ലോകം മുഴുവൻ കറങ്ങലും, ടിവിയിലൂടെയും നഗരങ്ങളിലൂടെയും ശുശ്രൂഷയുമായി. ഇവയൊക്കെയും സാത്താൻ ഉണ്ടാക്കുന്ന ഉപദേശപ്പിശകുകളാണ്. വ്യാഖ്യാനവരമില്ലാതെ വചനത്തെ വ്യാഖ്യാനിക്കുന്നകൊണ്ടാണ് അങ്ങനെ വരുന്നത്.

ഇപ്പറഞ്ഞതിന്റെ അർത്ഥം പ്രാർത്ഥനയാൽ അനുഗ്രഹങ്ങൾ വാങ്ങുന്നത് പിശകാണെന്നല്ല, ദൈവാത്മാവെ എന്നു പറഞ്ഞ് പാടുകയും പ്രാർത്ഥിക്കുകയും ചെയ്യണ്ട എന്നുമല്ല. ദൈവം ത്രീയേകമാണെന്ന് എപ്പോഴും ഓർക്കണമെന്നും വല്ല ദൂതും കിട്ടിയാൽ ആ ശുശ്രൂഷ ചെയ്യുന്ന ശുശ്രൂഷകനും ശുശ്രൂഷ ചെയ്യുന്ന പരിശുദ്ധാത്മാവും മാത്രം മതിയെന്ന് കരുതരുതെന്നുമാണ്- ഇതൊരു പ്രധാന മർമ്മമാണ്.

ദൈവവചനമായ ബൈബിൾ സമ്പൂർണ്ണ ദൈവീകവെളിപ്പാടാണ്. അത് മനുഷ്യനെ രക്ഷയ്ക്ക് ജ്ഞാനിയാക്കുകയും കൂടെക്കൂടെ അവനെ തിരുത്തുകയും പരിശുദ്ധാത്മപ്രേരണയോടെ അതിവിശുദ്ധമായ ഒരു ജീവിതം നയിച്ച് സ്വർഗ്ഗത്തോളമെത്താൻ സഹായിക്കുകയും ചെയ്യുന്നു. ഒരു മനുഷ്യൻ രക്ഷ പ്രാപിക്കുവാനാവശ്യമായതെല്ലാം ബൈബിളിലുണ്ട്. പക്ഷെ പ്രപഞ്ചത്തിലെ സയൻസും ടെക്നോളജിയും ആവിഷ്ക്കരിച്ചുകൊണ്ടിരിക്കുന്ന എന്തിന്റെയും ഏതി




ന്റെയും 'താക്കോൽ' ബൈബിളല്ല. അവയെപ്പറ്റി ചില സൂചനകൾ കണ്ടെ ന്നിരിക്കും. ബൈബിളിന്റെ ലക്ഷ്യം ക്രിസ്തുവിന്റെ രക്ഷാകരസംഭവങ്ങ ളിൽ വിശ്വസിക്കുന്നവർക്ക് രക്ഷയുണ്ട് എന്ന് പഠിപ്പിക്കലാണ്. ഈ അതിശ ക്തമായ വിശ്വാസം എന്ന ദാനം ലഭി ക്കണമെങ്കിൽ മാനസാന്തരാനുഭവങ്ങ ളിലൂടെ നാം വിശുദ്ധീകരിക്കപ്പെടണം.

തങ്ങൾ ഉൾപ്പെട്ട് നിൽക്കുന്ന സഭ ആവിഷ്ക്കരിക്കുന്ന ഉപദേശവു മായി പൊരുത്തപ്പെടാത്തവരെ എതിർത്തുകൊണ്ടും തങ്ങളുടേതിനെ വാനോളം ഉയർത്തിക്കൊണ്ടും പ്രസം ഗിക്കുകയും എഴുതുകയും ചെയ്യുന്ന വർ ക്രമേണ കൾട്ട് വാദത്തിൽ എത്തപ്പെടും.

പട്ടത്വസഭകൾ പാരമ്പര്യവും കൂദാശകളും മറിയ ഭക്തി മുതലായ വയും വിട്ടുകളിക്കില്ല, ക്ലാസ്സിക്ക് പെന്ത ക്കോസ്തുകാർ അന്യഭാഷയും സ്വർണ്ണം ധരിക്കാതിരിക്കലും ഉപേ ക്ഷിക്കില്ല. നവീന പെന്തക്കോസ്തു കാർ ദൈവാത്മാവ് ഇപ്രകാരം പറ യുന്നു എന്നു തുടങ്ങിയ വിളിച്ചുപറ ച്ചിലും, എല്ലാവരുടേയും മുമ്പിൽ കണ്ണ ടച്ചങ്ങിരുന്നിട്ട് പലതും ദൈവാത്മാവ് പറയിപ്പിക്കുന്നു എന്നതുൾപ്പെടെയും, നല്ലപോലെ ശാസ്ത്രീയമായി പഠി ച്ചിട്ട് വർഷിപ്പ് (ഡാൻസിംഗ് മെത്തേ ടോടെ) നടത്തുന്നവർക്കൊപ്പം ജനവും ആടിപ്പാടി തിമിർക്കുവാൻ ഇട യാകത്തക്കവണ്ണവും ശുശ്രൂഷകൾ ചെയ്തുവരുന്നു. ഇവയൊന്നിനെയും എതിർക്കുകയല്ല, ത്രീയേകദൈവം ഒരുക്കിയിരിക്കുന്ന രക്ഷ എന്ന ദൈവീ കപദ്ധതിയിൽ നിന്നും ഒഴിഞ്ഞുപോ കുവാൻ അവയൊന്നും ഇടവരുത്തരു ത്. ആ വിധത്തിൽ വേണം ബൈബിൾ വ്യാഖ്യാനിക്കുവാൻ എന്ന് പറയുകയായിരുന്നു.

തിരുവെഴുത്തുകളുടെ അപ്ര മാദിത്വവും (innerancy) അബദ്ധരാഹി ത്യവും (infallibility) കൈവിട്ട സഭക ളൊക്കെയും പാപക്കയത്തിലും കപ ടഭക്തിയിലുമാണ്.

**ത്രീയേകദൈവം**

ദൈവശാസ്ത്രത്തിലെ മാർമ്മികമായ ഒരു വിഷയമാണ് ദൈവം ത്രീയേകൻ എന്നത്. മൂന്ന് ആളത്തങ്ങൾ ചേർന്ന ഒരേയൊരു കൂട്ടായ്മത്വമുള്ള ത്രീയേകദൈവ ത്തെയാണ് യഥാർത്ഥ ദൈവമെന്നു പറയുന്നത് ഇത് സാധാരണ ബുദ്ധി കൊണ്ട് അത്രവേഗം മനസ്സിലാകു ന്നതല്ല. പക്ഷെ പരിശുദ്ധാത്മാവിനാൽ അഭിഷേകം ചെയ്യപ്പെട്ട ഒരു വേദപഠി താവിന് ഇക്കാര്യം നല്ലവണ്ണം ഗ്രഹി ക്കുവാനിടയാകും. ക്രൈസ്തവവിശ്വാ സത്തിനാധാരമായിരിക്കുന്ന വേദപു സ്തകം വെളിപ്പെടുത്തിയിരിക്കുന്ന ദൈവം ത്രീയേകനാണ്. ദൈവത്തിന്റെ ഏകത്വം എന്നത് ഫലത്തിൽ, ഒരു നാനാത്വം (ഉല്പ.1 :1) ഈ നാനാത്വവും എന്നത് ത്രീത്വത്തിൽ സ്ഥിരത്വം പ്രാപിച്ചതുമാണ്. പ്രപഞ്ച ത്തിന്റെ അടിസ്ഥാനഘടകമായ ആറ്റം ഏകത്വമുള്ള ഒരു ത്രീത്വമാണ്. പ്രോട്ടോൺ, ഇലക്ട്രോൺ, ന്യൂട്രോൺ പിരിക്കാൻ പാടില്ലാത്ത ഒരു ത്രീയേകത്തം ആണ് ആറ്റം. ദേഹം, ദേഹി, ആത്മാവ് എന്നിങ്ങനെ മൂന്ന് ഘടകങ്ങൾ അടങ്ങിയ ഏകവ്യ ക്തിയാണ് മനുഷ്യൻ. ഖരം, ദ്രാവകം, വാതകം എന്നീ മൂന്ന് അവസ്ഥകൾ വെള്ളത്തിനുമുണ്ട്.

ത്രീത്വനിഷേധം എന്നത് യഥാർത്ഥദൈവനിഷേധമാണ്. ത്രീത്വ നിഷേധികൾ ഒരിക്കലും ക്രൈസ്ത വർ ആയിരിക്കുകയില്ല. ത്രീത്വനിഷേ ധികളുടെ ലക്ഷ്യം തന്നെ യേശുക്രി സ്തുവിന്റെ ദൈവത്വം നിഷേധിക്കുക എന്നതാണ്. 1-ാം നൂറ്റാണ്ടുമുതലേ ക്രിസ്തുവിന്റെ ദൈവത്വം നിഷേധി ക്കുവാൻ സാത്താൻ പലരെ ഉപയോ ഗിച്ചുപോരുന്നു. ഗ്നോസ്റ്റിസിസം ആണ് അതിലൊന്ന്. ഡോസറ്റിസം ആണ് മറ്റൊന്ന്. സെറിയന്തരിയനിസം ആണ് വേറൊന്ന്. പുത്രൻ സൃഷ്ടിയാ ണെന്നും പുത്രനില്ലാതെയിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്നും ഉള്ള നുണ സിദ്ധാന്തവുമായി ലിബിയാക്കാ രനും അലക്സാണ്ട്രിയായിൽ സഭാ ശുശ്രൂഷകനുമായ അരിയൂസ് രംഗത്തു വന്നു. AD. 321-ലെ ബിഷപ്പ് അലക്സാ ണ്ടർ വിളിച്ചുകൂട്ടിയ ഒരു സൂനഹ ദോസ് അരിയൂസിനെയും കൂട്ടുകാ രെയും സഭാ ഭ്രഷ്ടരാക്കുക മാത്രമല്ല, AD 325-ലെ നിഖ്യാ സൂനഹദോസ് ദൈവീകത്രീത്വത്തെപ്പറ്റി യാതൊരു സംശയവുമില്ലാത്ത കണ്ടെത്തലുകൾ നടത്തുകയും ചെയ്തു. എങ്കിലും അരിയൂസിന്റെ തെറ്റായ പഠിപ്പിക്കലു കൾ ലോകത്തെ ചെറുതായൊന്നുമല്ല ബാധിച്ചത്. അരിയൂസിന്റെ ചിന്താഗ തിയെ മുഹമ്മദ്നബി 'ഫോളോ' ചെയ്തു. ഈ ദുരുപദേശമാണ് പിന്നീട് യഹോവസാക്ഷികൾ ഏറ്റുപി




ടിച്ചത്. അപ്പൊസ്തല പെന്തക്കോസ്തർ, നോമിനൽ ട്രിനിറ്റേറിയൻസ്, ഇസ്ലാംമതം എന്നിവരൊക്കെയും ത്രീത്വനിഷേധവാദികളാണ് യഹോവ സാക്ഷികളേപ്പോലെ.

ഇവരെപ്പറ്റിയാണ് "കള്ളപ്രവാചകന്മാരെ സൂക്ഷിച്ചുകൊൾവിൻ അവർ ആടുകളുടെ വേഷം പൂണ്ട് നിങ്ങളുടെ അടുക്കൽ വരുന്നു. അകമേയൊ കടിച്ചുകീറുന്ന ചെന്നായ്ക്കളാകുന്നു" (മത്താ.7:15) എന്ന് യേശുക്രിസ്തു മുന്നറിയിപ്പ് നൽകിയത്. അപ്പൊ. 20:29,30-ൽ പൗലോസ് മുഖാന്തരം പരിശുദ്ധാത്മാവു പറഞ്ഞത്, "ഞാൻ പോയ ശേഷം ആട്ടിൻകൂട്ടത്തെ ആദരിക്കാത്ത കൊടിയ ചെന്നായ്ക്കൾ നിങ്ങളുടെ ഇടയിൽ കടക്കുകയും ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളയാനായ് വിപരീതോപദേശം പ്രസ്താവിക്കുന്ന പുരുഷന്മാർ എഴുന്നേൽക്കുകയും ചെയ്യും. എന്നാൽ കള്ളപ്രവാചകന്മാരും ജനത്തിന്റെ ഇടയിൽ ഉണ്ടായിരുന്നു. അങ്ങനെ നിങ്ങളുടെയിടയിലും ദുരുപദേഷ്ടാക്കന്മാർ ഉണ്ടാകും. അവർ നാശകരമായ മതഭേദങ്ങളെ നുഴയിച്ച് തങ്ങളെ വിലക്കുവാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞ് തങ്ങൾക്കുതന്നെ ശീഘ്രനാശം വരുത്തും. അവരുടെ ദുഷ്ക്കാമപ്രവത്തികളെ പലരും അനുകരിക്കും. അവർ നിമിത്തം **സത്യമാർഗ്ഗം** ദുഷിക്കപ്പെടും". എന്ന് പത്രോസ് അപ്പൊസ്തലനെഴുതിയ 2-ാം ലേഖനത്തിൽ 2-ാം അദ്ധ്യായത്തിൽ 1,2 വാക്യങ്ങളിൽ പരിശുദ്ധാത്മാവ് പറയുന്നു. 1 യോഹന്നാൻ 2:21-ൽ ഇത്തരം ചിന്താഗതിക്കാരോട് പരിശുദ്ധാത്മാവു പറയുന്നത് കേൾക്കണ്ടേ "യേശുവിനെ ക്രിസ്തുവല്ല (മ്ശിഹായുടെ ദൈവത്വത്തെ നിഷേധിക്കുക) എന്ന് നിഷേധിക്കുന്നവൻ അല്ലാതെ കള്ളൻ ആരാകുന്നു"? എതിർക്രിസ്തുവിന്റെ ആത്മാവ് ബാധിച്ചവരാണ് ക്രിസ്തുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്നത്. 1 യോഹ.2:18- "കുഞ്ഞുങ്ങളെ, ഇത് അന്ത്യനാഴികയാകുന്നു. എതിർക്രിസ്തു വരുന്നു എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലൊ. ഇപ്പോൾ അനേകം എതിർക്രിസ്തുക്കൾ എഴുന്നേറ്റിരിക്കയാൽ അന്ത്യനാഴികയാകുന്നു എന്ന് നമുക്കറിയാം".

ക്രിസ്തു ഒരേ സമയത്ത് മനുഷ്യനും അതേ സമയത്ത് ദൈവവും ആയിരുന്നു. രണ്ടും തിരുവചനസത്യങ്ങളാണ്. രണ്ടും നാം സത്യമാകയാൽ സ്വീകരിക്കുകയും വേണം. 2 യോഹ.7 -ൽ "യേശുക്രിസ്തുവിനെ ജഡത്തിൽ വന്നവൻ എന്ന് സ്വീകരിക്കാത്ത വഞ്ചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കുന്നുവല്ലോ. വഞ്ചകനും എതിർക്രിസ്തുവും ഇങ്ങനെയുള്ളവൻ ആകുന്നു". 1 യോഹ.4:1,2,3-ൽ "കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്ക് പുറപ്പെട്ടിരിക്കയാൽ ഏത് ആത്മാവിനെയും വിശ്വസിക്കാതെ ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയോ എന്ന് ശോധന ചെയ്‌വിൻ". യേശുക്രിസ്തു ജഡത്തിൽ വന്നു എന്ന് സ്വീകരിക്കുന്ന ആത്മാവൊക്കെയും ദൈവത്തിൽ നിന്നുള്ളത്. യേശുവിനെ സ്വീകരിക്കാത്ത യാതൊരാത്മാവും ദൈവത്തിൽ നിന്നുള്ളതല്ല. അത് എതിർക്രിസ്തുവിന്റെ ആത്മാവ് തന്നെ. അത് വരും എന്ന് നിങ്ങൾ കേട്ടിട്ടുണ്ടല്ലോ".

മേൽ എഴുതിയവരും വളരെ പ്രത്യേകിച്ച്, യഹോവസാക്ഷികളും, അന്തിക്രിസ്തുവിന്റെ ആത്മാവു ചേർന്ന പൈശാചികദുരുപദേശ കൂട്ടുകെട്ടിലാണെന്നും അവരെ സത്യസുവിശേഷം കൊണ്ട് നിറയ്ക്കേണ്ടത് നിങ്ങളുടെ കടമയാണെന്നും അറിയിച്ചുകൊള്ളട്ടെ. "ക്രിസ്തുവിന്റെ ഉപദേശത്തിൽ നിലനിൽക്കാതെ (മരിയഭക്തിയും, പുണ്യവാളഭക്തിയും, യേശുക്രിസ്തുവൊഴികെയുള്ള പുരോഹിതനെയും അവന്റെ ദൈനംദിനകൂദാശകളെയും പിഞ്ചെല്ലുന്നതും, മരണാനന്തരകർമ്മങ്ങൾക്കായി പണം മുടക്കിയോ മുടക്കാതെയോ തിരുക്കർമ്മങ്ങൾ എന്ന് കരുതുന്നവ അനുഷ്ഠിക്കുന്നതും എല്ലാം) അതിർ കടന്നുപോകുന്ന ഒരുത്തനും ദൈവം ഇല്ല; ഉപദേശത്തിൽ നിലനിൽക്കുന്നവനോ, പിതാവും പുത്രനും ഉണ്ട്. ഒരുത്തൻ ഈ ഉപദേശവും കൊണ്ടല്ലാതെ, നിങ്ങളുടെ അടുക്കൽ വന്നുവെങ്കിൽ അവനെ വീട്ടിൽ കൈക്കൊള്ളരുത്. അവന് കുശലം പറയുകയുമരുത്. അവന് കുശലം പറയുന്നവൻ അവന്റെ ദുഷ്പ്രവൃത്തികൾക്ക് കൂട്ടാളിയല്ലോ" (2 യോഹ.9:10,11)

## യഹോവസാക്ഷികളേപ്പറ്റി ചില ഞെട്ടിപ്പിക്കുന്ന സത്യങ്ങൾ

ദൈവം ത്രീയേകനാണെന്നുള്ളത് സാത്താന്യ ഉപദേശമാണെന്ന




വർ പഠിപ്പിക്കുന്നു. യേശുക്രിസ്തു ദൈവമല്ല; ഒരു സൃഷ്ടി മാത്രമാകുന്നു. 1935-ന് മുമ്പ് യഹോവസാക്ഷിയെന്ന റസ്സൽ മതത്തിൽ അംഗത്വമെടുത്തവർ മാത്രമെ സീയോൻ മലയിൽ കാണുന്ന 144000-ൽ പെടുകയുള്ളു. ഇവർ ഒഴികെയുള്ള എല്ലാരും ഹർമ്മഗെദ്ദോൻ യുദ്ധത്തിൽ നശിച്ചുപോകും. പരിശുദ്ധാത്മാവിനും ദൈവത്വം ഇല്ല എന്നു മാത്രമല്ല, മനുഷ്യന്റെ മരണത്തോടെ എല്ലാം അവസാനിക്കുന്നു. ആദാം നഷ്ടമാക്കിയ ഏദെന്റെ വീണ്ടെടുപ്പിന് മാത്രമായിരുന്നു യേശുക്രിസ്തുവിന്റെ ക്രൂശിതമരണം പ്രായശ്ചിത്തയാഗമായിരുന്നുള്ളു. രക്ഷ ദൈവത്തിന്റെ ദാനമൊന്നുമല്ല, സൽപ്രവത്തികൾ ചെയ്ത് നേടേണ്ടവയാണ് എന്നൊക്കെയാണ് യഹോവസാക്ഷികളും ഈ ലേഖനത്തിൽ സൂചിപ്പിച്ച സത്യവചനപരിജ്ഞാനമില്ലാത്തവരും പഠിപ്പിക്കുന്നത്. വീക്ഷാഗോപുരത്തിന്റെ സ്ഥാപകനായ (watch tower society) ചാൾസ്റ്റെയ്സ് റസ്സൽ സ്ഥാപിച്ച ഒരു സംഘടനയാണിത്. 1879-ലാണ് ആ സൊസൈറ്റി സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ മരണത്തിനുശേഷം ജോസഫ് ഫ്രാക്ഡിൾറഥർ ഫോർഡായി നേതാവ്. ധാർമ്മികജീവിതത്തിൽ ഇരുവരും നല്ല മോഡലുകൾ അല്ലായിരുന്നു. പുതിയനിയമത്തിന് ഇക്കൂട്ടർ ഇവരുടേതായ പരിഭാഷ സംഘടിപ്പിച്ചു. New world Translation, ക്രിസ്തുവിന്റേയും പരിശുദ്ധാത്മാവിന്റെയും ദൈവത്വം നിഷേധിക്കത്തക്കവണ്ണമാണ് ബൈബിളിലെ പരിഭാഷ, ഇതുവരെയും കണ്ടുകിട്ടിയ മൂലഗ്രന്ഥങ്ങളോട് യാതൊരു നീതിയും പുലർത്താതെയാണ് തർജ്ജിമ നിർവ്വഹിച്ചിരിക്കുന്നത്.

## ത്രീത്വത്തിന്റെ മർമ്മം - ആമുഖം

1. ദൈവവചനത്തിന്റെ നിർമ്മലസത്യങ്ങൾ ഏവയെന്നും അവ പ്രതിനിധാനം ചെയ്യുന്ന പഥ്യോപദേശങ്ങൾ ഏതൊക്കെയെന്നും ഒരു വിശ്വാസിയായ ക്രിസ്ത്യാനി അറിഞ്ഞിരിക്കണം. 2 തിമോ.3:16-ൽ "എല്ലാ തിരുവെഴുത്തും ദൈവശ്വാസീയമാകയാൽ ദൈവത്തിന്റെ മനുഷ്യൻ സകല സൽപ്രവൃത്തിക്കും വക പ്രാപിച്ച് തികഞ്ഞവനാകേണ്ടതിന് ഉപദേശത്തിനും ശാസനത്തിനും ഗുണീകരണത്തിനും നീതിയിലെ അഭ്യാസത്തിനും പ്രയോജനമുള്ളതാകുന്നു". അതായത്; ദൈവവചനത്തെ ആരും കോട്ടിവളയ്ക്കരുത്. ഗലാ.1:7,8,9 ശ്രദ്ധിക്കാം. "നിങ്ങൾ ഇത്ര വേഗത്തിൽ വേറൊരു സുവിശേഷത്തിലേക്ക് മറിയുന്നതുകൊണ്ട് ഞാൻ ആശ്ചര്യപ്പെടുന്നു. അത് വേറൊരു സുവിശേഷമെന്നല്ല ചിലർ നിങ്ങളെ കലക്കി ക്രിസ്തുവിന്റെ സുവിശേഷം മറിച്ചുകളയുവാൻ ഇച്ഛിക്കുന്നുവെന്നത്രെ. എന്നാൽ ഞങ്ങൾ നിങ്ങളോട് അറിയിച്ചതിന് വിപരീതമായി ഞങ്ങളാകട്ടെ സ്വർഗ്ഗത്തിൽ നിന്നൊരു ദൂതനാകട്ടെ നിങ്ങളോട് സുവിശേഷം അറിയിച്ചാൽ അവൻ ശപിക്കപ്പെട്ടവൻ". വെളി.22:18,19 ഉദ്ധ



ശ്രീദേവി & വിനോദ്കുമാർ.
തിരുവനന്തപുരം, Ph:9447445712

ഞാൻ ശ്രീദേവി. തിരുവനന്തപുരം ജില്ലയിൽ നാലാഞ്ചിറയിൽ താമസിക്കുന്നു. ഞങ്ങളുടെ വിവാഹം കഴിഞ്ഞ് ഏകദേശം 6 വർഷമായിട്ടും കുഞ്ഞുങ്ങളില്ലായിരുന്നു. ഞങ്ങൾ ധാരാളം ചികിത്സകളൊക്കെ ചെയ്തു. പക്ഷെ നിരാശയായിരുന്നു ഫലം. ലാപ്രോസ്ക്കോപ്പി ചെയ്തപ്പോൾ ഞങ്ങൾക്ക് ഒരിക്കലും കുഞ്ഞുങ്ങളുണ്ടാകയില്ലെന്നാണ് ഡോക്ടേഴ്സ് പറഞ്ഞത്.ജീവിതത്തിൽ വളരെയേറെ നിരാശ തോന്നിയ ഒരു സമയമായിരുന്നു അത്. അങ്ങനെയുള്ള ഒരു സമയത്താണ് 2010-ൽ തിരുവനന്തപുരം ഗ്രേസ്മിനിഹാളിൽ കൃപാവരങ്ങൾ ഉപയോഗിച്ച് പ്രാർത്ഥിക്കുന്ന ദേവസ്യാ മുല്ലക്കരസാർ വരുന്നുണ്ടെന്നറിഞ്ഞത്. ഞങ്ങൾ സാറിന്റെ പ്രാർത്ഥനാകൂട്ടായ്മയിൽ പങ്കെടുക്കുകയും സാർ ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിയ്ക്കുകയും പ്രാർത്ഥനയ്ക്കുശേഷം ആത്മാവ് കൊടുത്ത വെളിപ്പാട് അനുസരിച്ച് 8 മാസത്തിനുള്ളിൽ കുഞ്ഞിനെ ലഭിക്കുമെന്ന് പറയുകയും ചെയ്തു. അത്ഭുതമെന്ന് പറയട്ടെ 4 മാസമായപ്പോൾ തന്നെ എനിക്ക് ഉദരത്തിൽ ഒരു കുഞ്ഞിനെ ലഭിക്കുവാൻ കർത്താവ് അനുഗ്രഹിച്ചു.




രിക്കാം. “ഈ പുസ്തകത്തിലെ പ്രവചനം കേൾക്കുന്ന ഏവനോടും ഞാൻ സാക്ഷീകരിക്കുന്നതെന്തെന്നാൽ : അതിനോട് ആരെങ്കിലും കൂട്ടിയാൽ ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവനു വരുത്തും. ഈ പ്രവചനപുസ്തകത്തിലെ വചനത്തിൽ നിന്ന് ആരെങ്കിലും വല്ലതും നീക്കിക്കളഞ്ഞാൽ ഈ പുസ്തകത്തിൽ എഴുതിയിരിക്കുന്ന ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവനുള്ള അംശം ദൈവം നീക്കിക്കളയും”. “പ്രസ്തുത തിരുവചനങ്ങളിൽ നിന്നും സാമാന്യമായി ആർക്കും മനസ്സിലാകുന്നത് ദൈവവചനമായ ബൈബിളിലെ തിരുവചനങ്ങളെ ഇസ്ലാം മത ചിന്തയാലൊ യഹോവ സാക്ഷിയൻ ചിന്താഗതിയാലൊ ആരെങ്കിലും വളച്ചൊടിച്ച് വ്യാഖ്യാനിച്ചാൽ അവരുടെ മേൽ കനത്ത ദൈവീകശിക്ഷയുണ്ടാകുമെന്നാണ്. തൽക്ഷണം കാണാവുന്ന ഒരു ശിക്ഷ എന്നതിലുപരിയായി നിത്യജീവനോട് ബന്ധപ്പെട്ട കാര്യത്തിൽ ഗൗരവമുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാകുമെന്നുതന്നെയാണ്.

നിലവിലുള്ള സുവിശേഷവിഹിത സഭകൾ തമ്മിൽതമ്മിലും ഉപദേശരൂപത്തിൽ അഭിപ്രായവ്യത്യാസമുണ്ട്. അങ്ങനെയുണ്ടാകാതിരിക്കാനാണ് ബൈബിൾ അനുസരിച്ച് പക്കയായി നാം ഉപദേശങ്ങൾ സ്വീകരിക്കണമെന്ന് പറയുന്നത്. അപ്പൊസ്തലന്മാർ കൃത്യമായും ശരിയായും ഉപദേശങ്ങളെ നമുക്ക് നൽകിയിട്ടുണ്ട്.

നാം ജീവിക്കുന്നത് കൃപായുഗത്തിന്റെ അവസാനകാലഘട്ടത്തിലാണ്. ഉപദേശത്തിന്റെ കാര്യത്തിൽ പതിരും മണിയും വേർതിരിച്ചറിഞ്ഞില്ലായെങ്കിൽ സാത്താൻ നമ്മെകൊണ്ടുപോയി കഴിഞ്ഞേ മറ്റുള്ളവർക്കെങ്കിലും മനസ്സിലാകയുള്ളു. കാരണം, ഏതെങ്കിലും ഒരു പുതിയ ഉപദേശം കൊണ്ട് ആരെങ്കിലും വന്നാൽ അതൊക്കെ ഏറ്റുപാടുവാൻ ആരെ വേണമെങ്കിലും എവിടെ വേണമെങ്കിലും കിട്ടാതെ വരികയില്ല.

1 പത്രൊ.3:15-ൽ പത്രോസ് അപ്പൊസ്തലൻ “നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും, സൗമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ” എന്നു പറഞ്ഞിട്ടുള്ളതിനാൽ ദുരുപദേശങ്ങൾ ഏവയെന്നും സത്യോപദേശങ്ങൾ ഏവയെന്നും നാം തിരിച്ചറിഞ്ഞേ മതിയാവൂ. മാത്രമല്ല ദൈവീകവിഷയങ്ങളിൽപെട്ട തിരുവെഴുത്തുകളുടെ കാതലായ പഥ്യോപദേശങ്ങളെ നാം അറിഞ്ഞിരിക്കണം. അതിൽ പ്രമുഖവും പ്രധാനവുമാണ് ദൈവം ത്രീയേകൻ എന്നത്.

### ദൈവത്തിന്റെ ആളത്തമെന്ന് പറഞ്ഞാൽ എന്താണ് അർത്ഥം?

മനുഷ്യന്റെ പരിമിതമായ




സത്യത്തിന്റെ പരിജ്ഞാനത്തിനുവേണ്ടി മുണ്ടക്കയം YMCA ഹാളിൽ ജൂൺ 22 മുതൽ 25 വരെ ദേവസ്യാ മുല്ലക്കരസാർ നടത്തിയ വളർച്ചാ ധ്യാനത്തിൽ നിന്ന്

# അടിസ്ഥാന ദൈവശാസ്ത്രം

# Fundamental Knowledge of THEOLOGY

knowledge of the truth സത്യത്തിന്റെ പരിജ്ഞാനം

ബുദ്ധിയിലും ചിന്തയിലും ഒതുങ്ങാത്തവനും അദൃശ്യനും സർവ്വശക്തനും, സർവ്വവ്യാപിയും സർവ്വജ്ഞാനിയുമായ ദൈവത്തിന് സാധാരണ ഒരു വ്യക്തിയേപ്പോലെ ബുദ്ധിയും കഴിവുകളും ഇച്ഛാശക്തിയും വ്യക്തിത്വവും ഒക്കെ ഉണ്ട് എന്നതിന്റെ സൂചനയാണ് ആളത്തം എന്ന പദം കൊണ്ടുദ്ദേശിക്കുന്നത്. ദൈവത്തെ അന്വേഷിച്ചുനടന്ന ചിന്തകന്മാർക്ക് മതങ്ങളെ സംഘടിപ്പിച്ച് ആചാരാനുഷ്ഠാനങ്ങൾ നടത്തി തൃപ്തിയടയേണ്ടി വന്നു. പക്ഷെ ദൈവത്തേക്കുറിച്ച് അറിയണമെങ്കിൽ ദൈവീകവെളിപാടുകൾ തന്നെ വേണം. മനുഷ്യനെ തേടിവന്ന് അവന്റെ പാപ-രോഗ-ശാപ- ഭയ ബന്ധനങ്ങളെ എടുത്ത് മാറ്റി അവന്റെ മുമ്പിൽ സ്വയം വെളിപ്പെടുത്തുന്ന ഒരു ദൈവത്തെയാണ് ബൈബിൾ വെളിപ്പെടുത്തുന്നത്. റോമ.1:19,20 വചനങ്ങളുടെ ആഴമേറിയ അർത്ഥം നാം ധ്യാനചിന്തയോടെ ഉറ്റുനോക്കണം; “ദൈവത്തേക്കുറിച്ച് അറിയാവുന്നത് അവർക്ക് വെളിവാക്കിയിരിക്കുന്നു. ദൈവം അവർക്ക് വെളിവാക്കില്ലോ. അവന്റെ നിത്യശക്തിയും ദിവ്യത്വവുമായി അവന്റെ അദൃശ്യലക്ഷണങ്ങൾ ലോകസൃഷ്ടി മുതൽ അവന്റെ പ്രവൃത്തികളാൽ ബുദ്ധിക്ക് തെളിവായി വെളിപ്പെട്ടുവരുന്നു; അവർക്ക് പ്രതിവാദമില്ലാതിരിക്കേണ്ടതിനു തന്നെ”.

ദൈവത്തെ ആരും സൃഷ്ടിച്ചതല്ലാത്തതിനാൽ ദൈവം ഉള്ളവനാണെന്നും സ്വയംഭൂവാണെന്നും പറയാം. കാറ്റുപോലെയോ, കറണ്ട്പോലെയോ ഉള്ള കേവലമായൊരു ശക്തിയല്ല, ദൈവം.

ബൈബിൾ വെളിപ്പെടുത്തുന്ന ദൈവം സർവ്വശക്തനും ആത്മാവും ആണ് (യോഹ.4:24). 1 തിമോ.6:16 “ധന്യനായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും താൻ മാത്രം അമർത്യതയുള്ളവനും അടുത്തുകൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും” എന്നാണ് പറഞ്ഞുവച്ചിരിക്കുന്നത്. യോഹ.1:18 -ൽ മനുഷ്യരോടുള്ള ബന്ധത്തിൽ “ദൈവത്തെ ആരും ഒരുനാളും കണ്ടിട്ടില്ല”. എന്നു പറഞ്ഞിരിക്കുന്നതിന്റെ ആശയമെന്താണെന്ന് പറയാം. പദാർത്ഥമായ ശരീരത്തിൽ ഇരിക്കുന്ന മനുഷ്യർക്ക് ആത്മരൂപിയായ ദൈവത്തെ നഗ്നനേത്രങ്ങൾകൊണ്ട് കാണാൻ കഴിയുകയില്ല. അത്ര വലിയവനാണ് ദൈവം. ദൈവത്തിന്റെ ഉജ്ജ്വലമായ പ്രഭയിൽ ഒരാൾക്കും ദൈവത്തെ കാണാൻ കഴിയുകയില്ല. ദൈവപിതാവിനേക്കുറിച്ച് പുത്രൻ വെളിപ്പെടുത്തിയാൽ മാത്രമെ മനു




എന്റെ പേര് സാം ശരവണൻ. ജന്മനാ എന്റെ കുഞ്ഞിന്റെ രണ്ട് കാലും വളഞ്ഞിട്ടായിരുന്നു ഉണ്ടായിരുന്നത്. 2013-ൽ വെള്ളറടയിൽ വെച്ച് ദേവസ്യാ സാറിന്റെ പ്രാർത്ഥനയിൽ പങ്കെടുക്കുവാൻ ഇട വന്നു. അവിടെവച്ച് സാർ പ്രാർത്ഥിച്ചു. പ്രാർത്ഥനക്കുശേഷം സാർ എന്നോട് പറഞ്ഞു കുഞ്ഞിന്റെ കാൽ നേരെയാകുമെന്നും അതു കഴിഞ്ഞ് സാക്ഷ്യം പറഞ്ഞാൽ മതിയെന്നും പറഞ്ഞു. വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം എന്റെ കുഞ്ഞിനെ തൊട്ട് സുഖപ്പെടുത്തി. എന്റെ കുഞ്ഞിന്റെ കാലുകൾ നേരെയായി. സാർ പറഞ്ഞതുപോലെ 2015 ജൂൺ 26-ന് പാറശ്ശാലയിൽ എനിക്ക് സാക്ഷ്യം പറയാനും സാധിച്ചു.

സാം ശരവണൻ. കരിങ്കൽ, തമിഴ്നാട്. Ph:8489261474




ഷ്യന് എന്തെങ്കിലും പിടികിട്ടുകയുള്ളു. പിതാവ് വെളിപ്പെടുത്തിയാൽ മാത്രമെ പുത്രനെപ്പറ്റിയും വല്ലതും മനസ്സിലാവുകയുള്ളു.

## ദൈവീകസ്വഭാവവും ലക്ഷണങ്ങളും

1. ഞാൻ ആകാശത്തേക്ക് കൈ ഉയർത്തി സത്യം ചെയ്യുന്നത് : നിത്യനായിരിക്കുന്ന എന്നാണ്– "I raise my hand to heaven and say: As I live for ever "(Deuteronomy 32:40)

2. "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു" (പുറ.3:14).

And God Said to Moses : "IAM WHO IAM" (Exo.3:14).

3. യഹോവയായ ഞാൻ മാറാത്തവൻ (മലാ.3:6).

For Iam the Lord "I do not Change. (Malachi 3:6)

4. പുരാതനനായ ദൈവം നിന്റെ സങ്കേതം (ആവ.33:27).

"The eternal God is your refuge" (Deuteronomy 33:27)

ഈ തിരുവെഴുത്തിന്റെ അർത്ഥം ദൈവം ആരാലും ഉളവായവനല്ല, സ്വയം ഉണ്ടായവനാണ് എന്നാണ്

ദൈവപിതാവിന്റെ (ദൈവം അഥവാ, "യഹോവ") പ്രധാനമായ ഒരു യോഗ്യതയാണ് നിത്യത. രണ്ടാമത്തെ സവിശേഷതയാണ് സർവ്വശക്തൻ എന്നത്. മൂന്നാമത്തെ സവിശേഷതയാണ് സർവ്വജ്ഞാനിയെന്നത്. നാലാമത്തെ സവിശേഷതയാണ് സർവ്വവ്യാപിയെന്നത്. അഞ്ചാമത്തേതാണ് ദൈവത്തിന്റെ സ്വയാസ്തിക്യം, ദൈവത്തിന്റെ വിശുദ്ധിയും, സ്നേഹവും, നീതിയും, സത്യവും ഒക്കെ ദൈവത്തിന് മാത്രമുള്ള സവിശേഷതകളാണ്. ഈ ദൈവീകയോഗ്യതകൾ എല്ലാം തന്നെ ദൈവത്തിനു സമാനമായി യേശുക്രിസ്തുവിലും കാണാം എന്നത് നമുക്ക് ലഭിക്കുന്ന ഒരു വിശുദ്ധ വെളിപാടുതന്നെയാണ്.

ദൈവത്തിന്റെ വിശുദ്ധിയേപ്പറ്റി ആർക്കും യാതൊരു സംശയവുമില്ല. ഇയ്യോബ് 34:10–ൽ "ദൈവം ദുഷ്ടതയോ സർവ്വശക്തൻ നീതികേടൊ ഒരിക്കലും ചെയ്കയില്ല" എന്നാണ് തിരുവെഴുത്തെങ്കിൽ സങ്കീ.99:9–ൽ "നമ്മുടെ ദൈവമായ യഹോവ പരിശുദ്ധൻ" എന്നാണുള്ളത്. യേശ.41:4–ൽ "നിന്റെ വീണ്ടെടുപ്പുകാരൻ യിസ്രയേലിന്റെ പരിശുദ്ധൻ തന്നെ" എന്നാണ്. യേശ. 57:15 –ലെത്തുമ്പോൾ "ഉന്നതനും ഉയർന്നിരിക്കുന്നവനും ശാശ്വതവാസിയും പരിശുദ്ധൻ എന്ന് നാമമുള്ളവനുമായവൻ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ ഉന്നതനും പരിശുദ്ധനുമായി വസിക്കുന്നു". "നീ യിസ്രയേൽമക്കളുടെ സർവ്വസഭയോടും പറയേണ്ടത് എന്തെന്നാൽ നിങ്ങളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ" (ലേവ്യാ. 19:2). "നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയായ ഞാൻ വിശുദ്ധൻ ആകുന്നു" (ലേവ്യാ. 21:8).

ദൈവം സർവ്വശക്തൻ തന്നെ. പ്രകൃതിശക്തിയും ആകാശജ്യോതിർഗോളങ്ങളുടെ ശക്തിയും എല്ലാം അവന്റെ കീഴിലാണ്. ദൂതന്മാരുടെ മേലും പിശാചുക്കളുടെ മേലും എല്ലാം അവന് അധികാരമുള്ളതുകൊണ്ടാണ് ദൈവത്തെ സർവ്വശക്തൻ എന്ന് വിളിക്കുന്നത്. ഇയ്യോബിനെ പരീക്ഷിക്കാൻ സാത്താനെ ദൈവം അനുവദിച്ചല്ലോ (ഇയ്യോബ.2:6).

ഭൂത–വർത്തമാന–ഭാവികാലങ്ങളെ മുഴുവൻ ദൈവം അറിയുകയും നിയന്ത്രിക്കുകയും ചെയ്യുന്നതുകൊണ്ടാണ് ദൈവം സർവ്വജ്ഞാനിയാണെന്ന് ബൈബിൾ പറയുന്നത്.

"ആരംഭത്തിൽത്തന്നെ അവസാനവും പൂർവ്വകാലത്തുതന്നെ മേലാൽ സംഭവിപ്പാനുള്ളതും ഞാൻ പ്രസ്താവിക്കുന്നു. എന്റെ ആലോചന നിവൃത്തിയാകും, ഞാൻഎന്റെ താല്പര്യമൊക്കെയും അനുഷ്ഠിക്കും, എന്ന് ഞാൻ പറയുന്നു" (യേശ.46:10). സംഭവിച്ചുകഴിഞ്ഞതോ, സംഭവിച്ചുകൊണ്ടിരിക്കുന്നതോ, സംഭവിപ്പാനിരിക്കുന്ന കാര്യങ്ങളേപ്പറ്റിയോ സകലതും ദൈവം അറിയുന്നു.

നമുക്ക് ജ്ഞാനമുണ്ട്. എന്നാൽ സർവ്വജ്ഞാനം ഇല്ല. ദൈവദൂതന്മാർക്കും പൈശാചികദൂതന്മാർക്കും നമ്മെക്കാൾ ജ്ഞാനമുണ്ടെങ്കിലും ദൈവത്തേക്കാൾ ജ്ഞാനമില്ല. ദൈവം മാത്രമാണ് സർവ്വജ്ഞാനി.

ദൈവത്തിന്റെ സ്നേഹവും കൃപയും എത്ര ശ്രദ്ധേയമാണെന്നോ ? യേശ.49:15,16–ൽ "ഒരു സ്ത്രീ തന്റെ കുഞ്ഞിനെ മറക്കുമോ? താൻ പ്രസവിച്ച മകനോട് കരുണ തോന്നാതിരിക്കുമോ? അവർ മറന്നുകളഞ്ഞാലും ഞാൻ നിന്നെ മറക്കുകില്ല. ഇതാ ഞാൻ നിന്നെ എന്റെ ഉള്ളംകയ്യിൽ വരച്ചിരിക്കുന്നു; നിന്റെ മതിലുകൾ എല്ലാ




യ്പ്പോഴും എന്റെ മുമ്പിൽ ഇരിക്കുന്നു” (യിര.31:3) – “നിത്യസ്നേഹംകൊണ്ട് ഞാൻ നിന്നെ സ്നേഹിച്ചിരിക്കുന്നു; അതുകൊണ്ട് ഞാൻ നിനക്ക് ദയ ദീർഘമാക്കിയിരിക്കുന്നു”

അനർഹമായിടത്തും അനർഹമായവരോടും ദൈവത്തിന്റെ കരുണയൊഴുകുമ്പോൾ അതിന്റെ പേരാണ് കൃപ. യഹോവയായ ദൈവത്തിന്റെ കൃപയാലാണ് നാം അനുദിനം പാപക്ഷമ വാങ്ങിക്കൊണ്ടിരിക്കുന്നത്.

**ത്രിത്വം-പഴയനിയമത്തിൽ**

“ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. ഭൂമി പാഴായും ശൂന്യമായും ഇരുന്നു; ആഴത്തിനുമീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൻമീതെ പരിവർത്തിച്ചുകൊണ്ടിരുന്നു” (ഉല്.1:1,2,3) എന്നിടത്ത് നാം പിതാവിനെയും പിതാവിന്റെ ആത്മാവിനെയും കാണുന്നു. അവിടെ ദൈവത്തെക്കുറിക്കുന്ന പദം **ഏലോഹിം** ആണ്. ആ പദമാകട്ടെ ബഹുവചനമാണ്. പക്ഷെ ഇത് ദൈവത്തെക്കുറിക്കുന്ന സാമാന്യ നാമമാണ്. ദൈവം കൽപ്പിച്ചു എന്ന് പറഞ്ഞാൽ വചനം അയച്ചു എന്നാണ്. വചനം ക്രിസ്തു തന്നെയാണ്. “നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക.” ഉല്.3:22-ൽ “മനുഷ്യൻ നന്മതിന്മകളെ അറിവാൻ തക്കവണ്ണം നമ്മിൽ ഒരുത്തനെപ്പോലെ ആയിത്തീർന്നിരിക്കുന്നു”. ദൈവമാണ് ഇങ്ങനെ പറയുന്നത്. ബഹുവചനം ദൈവം ഉപയോഗിച്ചത് ദൈവം ത്രീത്വം ആയതുകൊണ്ട് മാത്രമാണ്. ഉല്പ.11:7-ൽ “വരുവിൻ, നാം ഇറങ്ങിച്ചെന്ന് അവർ തമ്മിൽ ഭാഷ തിരിച്ചറിയാതിരിപ്പാൻ അവരുടെ ഭാഷ കലക്കികളക” എന്ന് അരുളിച്ചെയ്തു. യേശ.6:8-ൽ “ആർ നമുക്കുവേണ്ടി പോകും”? എന്ന് ചോദിക്കുന്ന കർത്താവിന്റെ സ്വരം കേട്ടിട്ട് “അടിയൻ, ഇതാ അടിയനെ അയയ്ക്കണമെ എന്നു ഞാൻ പറഞ്ഞു”. നമുക്കുവേണ്ടി എന്നിടത്ത് പൂജകബഹുവചനമാണ് ഉപയോഗിച്ചതെന്നും, രാജാക്കന്മാരൊക്കെ നാം എന്നുപയോഗിക്കുന്നതുപോലയെ കരുതേണ്ടൂ എന്ന് ഒന്നും നാം പറഞ്ഞ് രക്ഷപെടണ്ട. ദൈവം ത്രീയേകനായതുകൊണ്ടാണ് **“നമുക്ക് ” “നമ്മുടെ”** എന്നൊക്കെ പറഞ്ഞത്.

**ത്രിത്വം- പുതിയനിയമത്തിൽ**

1. ലൂക്ക.1:35-ൽ “പരിശുദ്ധാത്മാവ് നിന്റെ മേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ നിഴലിടും. ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും”.

ഇവിടെ ത്രീത്വത്തെ പരാമർശിച്ചിട്ടുണ്ട്. 1. പരിശുദ്ധാത്മാവ് നിന്റെമേൽ വരും. 2. അത്യുന്നതന്റെ ശക്തി നിന്റമേൽ നിഴലിടും. 3. ഉത്ഭവിക്കുന്ന വിശുദ്ധപ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും. പുത്രന്റെ ജഢ



തിരുവല്ലാ ഷാരോൺ ഓഡിറ്റോറിയത്തിൽ 2015 മെയ്മാസം 12-ന്
ദൈവവചനം കേൾക്കുവാൻ എത്തിച്ചേർന്ന ദൈവജനം.




ധാരണത്തിൽ പിതാവും പരിശുദ്ധാത്മാവും പ്രവർത്തിക്കുന്നതായി നമുക്കു കാണാം.

2. ക്രിസ്തുയേശുവിന്റെ സ്നാന സമയം നോക്കാം. മത്താ.3:16,17 "യേശു സ്നാനമേറ്റ ഉടനെ വെള്ളത്തിൽ നിന്നും കയറി. അപ്പോൾ സ്വർഗ്ഗം തുറന്നു. ദൈവാത്മാവ് പ്രാവെന്ന പോലെ തന്റെ മേൽ വരുന്നത് അവൻ കണ്ടു. "ഇവനെന്റെ പ്രിയ പുത്രൻ; ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു" എന്ന് സ്വർഗ്ഗത്തിൽ നിന്ന് ഒരു ശബ്ദവും ഉണ്ടായി. അതായത് പിതാവ് പുത്രനെ അംഗീകരിച്ചിരിക്കുന്നു. പരിശുദ്ധാത്മാവ് പ്രാവിന്റെ രൂപത്തിൽ ഇറങ്ങി വരുന്നു. പുത്രൻ സ്നാനപ്പെടുകയും കരയിൽ കയറുകയും ചെയ്തിരിക്കുന്നു.

3. യോഹ.14:7,9-ൽ "നിങ്ങൾ എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു. അവനെ കണ്ടുമിരിക്കുന്നു. പീലിപ്പോസ് അവനോട്, കർത്താവെ, പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരേണം. എന്നാൽ ഞങ്ങൾക്ക് അത് മതിയെന്ന് പറഞ്ഞു. യേശു അവനോട് പറഞ്ഞത്; ഞാൻ ഇത്ര കാലം നിങ്ങളോട് കൂടെയിരുന്നിട്ടും നീ എന്നെ അറിയുന്നില്ലയോ പീലിപ്പോസെ ? എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; പിന്നെ പിതാവിനെ ഞങ്ങൾക്ക് കാണിച്ചുതരേണം എന്നു നീ പറയുന്നതെങ്ങനെ ? ഞാൻ പിതാവിലും പിതാവ് എന്നിലും ആണ് എന്ന് നീ വിശ്വസിക്കുന്നില്ലയോ"? ഈ വചനത്തോട് നമ്മൾ യോഹ.14:16 കൂടി ചേർക്കേണ്ടതുണ്ട്. "എന്നാൽ ഞാൻ പിതാവിനോട് ചോദിക്കും; അവൻ സത്യത്തിന്റെ ആത്മാവ് എന്ന മറ്റൊരു കാര്യസ്ഥനെ എന്നേയ്ക്കും നിങ്ങളോടുകൂടെ ഇരിക്കേണ്ടതിന് നിങ്ങൾക്ക് തരും". ഈ വചനങ്ങളുടെ അർത്ഥം സിംപിൾ ആണ്. പിതാവ് പുത്രനെ അയച്ചു. പുത്രൻ ദൈവം തന്നെയായതുകൊണ്ട് ആത്മാവിനെ അയച്ചു. ആത്മാവ് സ്വയം ദൈവം

ശേഷം 21-ാം പേജിൽ



ഞാൻ വിജയദാസ്. ഇന്നും ജീവിക്കുന്ന യേശുക്രിസ്തു മുഖാന്തരം എന്റെ ജീവിതത്തിൽ ധാരാളം അനുഗ്രഹങ്ങൾ ലഭിച്ചത് പ്രിയ ആത്മാഭിഷേകം വായനക്കാരോട് ഞാൻ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു. എനിക്ക് ഒരു നല്ല വീടില്ലാത്തതിനാൽ ഞാൻ ആകെ വിഷമിച്ചിരിക്കുന്ന അവസ്ഥയിലാണ് ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കുന്നത്. ആ നാളുകളിൽത്തന്നെ, 2013-ൽ എനിക്ക് ഒരു വീട് ലഭിക്കുവാൻ കർത്താവ് കൃപ ചെയ്തു. 5 വർഷം മുമ്പ് ഗൾഫിൽ പോകുവാനിടയായി. പക്ഷെ എനിക്ക് അവിടെനിന്ന് തിരികെ വരാൻ പറ്റാത്ത ഒരു സാഹചര്യമുണ്ടായി. അപ്പോഴും എനിക്ക് പ്രാർത്ഥന തന്നെയായിരുന്നു ശരണം. സാർ എനിക്കുവേണ്ടി പ്രാർത്ഥിച്ചു. ഒരാഴ്ചക്കുള്ളിൽ തിരികെ വരാൻ സാധിക്കുമെന്ന് സാർ പറഞ്ഞു. അതുപോലെ തന്നെ സംഭവിച്ചു. കൂടാതെ എനിക്ക് ഒരു സ്ഥിരം ജോലി ലഭിക്കുവാനും ഇടയായി. മാത്രമല്ല കുട്ടികൾ നല്ലതുപോലെ പഠിക്കുന്നു. ഇതെല്ലാം എന്റെ കർത്താവായ യേശു എനിക്കു തന്ന അനുഗ്രഹങ്ങളാണ്. ഈ കർത്താവിനെ ഞാൻ എത്ര സ്തുതിച്ചാലാണ് മതിയാവുക. എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും സത്യസുവിശേഷം ധീരതയോടെ അനേകരോട് പ്രസംഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്ന ദേവസ്യാ സാറിനെ പിതാവായ ദൈവം ഇനിയും അവിടുത്തെ കൃപകൾ ധാരാളമായി കൊടുത്ത് അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

വിജയദാസ്. വെള്ളറട. Ph:9400766619

ശേഷം 22-ാം പേജിൽ

# ആരാധനാ കേന്ദ്രങ്ങളും ഇടദിവസങ്ങളിലെ കൂട്ടായ്മകളും



**പാ:സി.വി. ജോസ്ലി**
Ph:9847052185
**പത്തനംതിട്ട**
നന്നുവക്കാട് YMCA ഹാൾ (ചുരുളിക്കോട്)
ഞായർ: 10.00 am-1.00 pm (ആരാധന)
വെള്ളി: 10 am 1pm (ഉപവാസപ്രാർത്ഥന)



**പാ. ബിജു**
Ph: 9447116820
**റാന്നി**
ഇട്ടിയപ്പാറ
തേൻമഠത്തിൽ ബിൽഡിംഗ്
ഞായർ: 10.30 am to1pm (ആരാധന)
ബുധൻ (പ്രാർത്ഥന)



**പാ. ബിനോജ്**
Mob: 9539769595
**അടൂർ**
YMCA ഓഡിറ്റോറിയം
ഞായർ: 10 am to 1 pm (ആരാധന)

## ആലപ്പുഴ ജില്ല



**പാ.രാധാകൃഷ്ണൻ**
Mob:8086425080
**ആലപ്പുഴ**
YWCA ഹാൾ near വഴിച്ചേരി ജംഗ്ഷൻ
ഞായർ 9.30 am to 1 pm (ആരാധന)
സൺഡേസ്കൂൾ: എല്ലാ ഞായറാഴ്ചയും 12.30 pm

**പുന്നപ്ര**
തിങ്കൾ 6 pm to 9 pm (ബൈബിൾക്ലാസ്)
എല്ലാ വെള്ളിയാഴ്ചയും (ഉപവാസപ്രാർത്ഥന) 10 am

**ഹരിപ്പാട്** സബ് റെജിസ്ട്രാർ ഓഫീസ് ബിൽഡിംഗ്, കവല, നങ്ങ്യാർകുളങ്ങര
ഞായർ :2 pm to 5 pm (ആരാധന)
എല്ലാ മാസത്തിലെയും നിശ്ചിത അവധി ദിവസങ്ങളിൽ 10 am to 3 pm(ബൈബിൾക്ലാസ്)

**കായംകുളം** വൈ.എം.സി.എ ഗോൾഡൻ ജൂബിലി, ഓഡിറ്റോറിയം, (പാർക്ക് ജംഗ്ഷൻ)
ശനി: 9.30 am to 1.00 pm (ആരാധന)
സൺഡേ സ്കൂൾ: എല്ലാ ശനിയാഴ്ചയും 12.30 pm

**കറ്റാനം**
മാംകാവിൽ ഗാർഡൻസിന് സമീപം, വില്ലേജ് ഓഫീസ് റോഡ് (കുടുംബകൂട്ടായ്മ)
എല്ലാ 2-ാം ശനിയാഴ്ചയും: 2 pm to 5 pm





**പാ:യേശുദാസ് പുളിക്കൽ &**
Ph:9446745148
**പാ. ബിജു**
Ph:9447116820

**മാവേലിക്കര**
പുതിയകാവ് YWCA ഓഡിറ്റോറിയം
ഞായർ: 2.30 pm 5.00 pm (ആരാധന)

## കൊല്ലം ജില്ല



**പാ:ജോസ് മാത്യു**
Ph:9847872731
**കൊല്ലം** YMCA ഹാൾ, ചിന്നക്കട, റെയിൽവെ ക്രോസിന് സമീപം
ഞായർ: 10 am to 1 pm (ആരാധന)

**കരുനാഗപ്പള്ളി**
YMCA ഹാൾ,
ഞായർ: 7 am to 10 am (ആരാധന)

**പൂയപ്പള്ളി**
കിഴക്കേടത്ത് ബിൽഡിംഗ്
ഞായർ: 4.00 pm 7.00 pm (ആരാധന)

ഭവന കൂട്ടായ്മകൾ: -
ആശ്രാമം 1-ാം തിങ്കൾ 4.00 pm to 6.00 pm
തങ്കശ്ശേരി 2-ാം തിങ്കൾ 4.00 pm to 6.00 pm
ഹൈസ്കൂൾ Jn. 3-ാം തിങ്കൾ 4.00 pm to 6 pm
മുണ്ടാലും മൂട് 4-ാം തിങ്കൾ 4.00 pm to 6.00 pm
രാമൻ കുളങ്ങര 1-ാം ചൊവ്വ 4.00 pm to 6.00 pm
മയ്യനാട് 2-ാം ചൊവ്വ 4.00 pm to 6.00 pm
ഇളമ്പള്ളൂർ 3-ാം ചൊവ്വ 4.00 pm to 6.00 pm
പാലത്തറ 4-ാം ചൊവ്വ 4.00 pm to 6.00 pm
ശങ്കരമംഗലം 1-ാം ബുധൻ 4.00 pm to 6.00 pm
നീണ്ടകര 2-ാം ബുധൻ 4.00 pm to 6.00 pm
കന്നേറ്റി പള്ളിമുക്ക് 3-ാം ബുധൻ 4 pm to 6 pm
പുന്നക്കോട് 4-ാം ബുധൻ 4.00 pm to 6.00 pm
ചെറുവക്കൽ 1-ാം വ്യാഴം 4.00 pm to 6.00 pm
ഓടനാവട്ടം 2-ാം വ്യാഴം 4.00 pm to 6.00 pm
ഓയൂർ 3-ാം വ്യാഴം 4.00 pm to 6.00 pm
ഇളമാട് 4-ാം വ്യാഴം 4.00 pm to 6.00 pm
മുഖത്തല 1-ാം വെള്ളി 4.00pm 6.00 pm
അഞ്ചാലുംമൂട് 2-ാം വെള്ളി 4.00 pm to 6 pm
കരിക്കോട് 3-ാം വെള്ളി 4.00 pm to 6.00 pm
വർക്കല 4-ാം വെള്ളി 4.00pm to 6.00 pm
2-ാം ശനി ചർച്ചുകളുടെ സംയുക്ത കൂട്ടായ്മ.



**പാ. സോജൻഎബ്രഹാം**
Mob:9037705419
**പത്തനാപുരം**
സായാന്നാ ടൂറിസ്റ്റ്ഹോം opp.ജനത ഹോസ്പിറ്റൽ
ഞായർ :10 am to 1 pm (ആരാധന)
ഒന്നാം ശനി മുറിഞ്ഞ കൽ ഷീബ ഭവൻ 3 pm to 5 pm, രണ്ടാം ശനി **നെടുമൺകാവ്** രാധാമണിഭവനം 3 pm to 5 pm, മൂന്നാം ശനി പ്ലാന്റേഷൻ, വൽസലാമ്മഭവനം 3 pm to 5 pm നാലാം ശനി **കൂടൽ** മണി ഭവനം 3 pm to 5 pm



**പാ:ബിജു സ്കറിയ കുണ്ടറ**
Mob:9447248425
**പുനലൂർ**
എം.ജെ.എസ്. ടൂറിസ്റ്റ് ഹോം (Opp. Market)
ഞായർ:10.00 am 1.00 pm (ആരാധന)
**ഭരണിക്കാവ് , പുത്തൂർ, ചാത്തന്നൂർ കുളത്തൂപ്പുഴ** ((ഭവനകൂട്ടായ്മ))

## തിരുവനന്തപുരം ജില്ല



**പാസ്റ്റർ:ജോർജ്ജ് തോമസ് കുടിപ്പാറ**
Mob:9446718242
**പരുത്തിപ്പാറ**
ഗ്രേസ് മിനിഹാൾ
ഞായർ 10.30 am to 12.30 pm (ആരാധന)
യൂത്ത് കൂട്ടായ്മ ഒന്നാം ഞായർ 12.30 pm
ഒന്നിടവിട്ട മാസങ്ങളിൽ ഏകദിന കൂട്ടായ്മ
ലേഡീസ് കൂട്ടായ്മ രണ്ടാം ഞായർ 4.30 pm

സൺഡേ സ്കൂൾ :
എല്ലാ ഞായറാഴ്ചയും 12.30 pm
**പൂവ്വാർ**,ബെഥേൽ ഭവനം പ്രയർ ഹാൾ, പത്തനാവിള ആർ.സി. ചർച്ച് റോഡ്
ഞായർ 4.00 pm to 6.00 pm (ആരാധന)
**കാട്ടാക്കട**,അംബികാ ഭവനംഎല്ലാ ശനിയാഴ്ചയും 10 am to 1pm (ആരാധന)
കുടുംബ കൂട്ടായ്മകൾ:-
വലിയതുറ, 1-ാം ചൊവ്വ മാത്യൂസ് ഭവനം 5.30 pm
ആന്നാട്, 2-ാം ചൊവ്വ ബാബുഭവനം 10.30 am
ശംഖുമുഖം, 2-ാം ചൊവ്വ ക്ലീറ്റസ് ഭവനം 5.30 pm
ഇടവക്കോട്, 3-ാം ചൊവ്വ അദീന്ദ്രൻ ഭവനം 4.30 pm
കുടപ്പനക്കുന്ന്, 4-ാം ചൊവ്വ ശശിഭവനം 6.30 pm
മുട്ടട, ആത്മാഭിഷേകം ഓഫീസ് എല്ലാ ബുധനാഴ്ചയും ഉപവാസ പ്രാർത്ഥന.10.30 am
L.M.S.Nagar, എല്ലാ വെള്ളിയാഴ്ചയും ബൈബിൾ സ്റ്റഡി 6.00 pm to 9.00 pm
ഊരുട്ടമ്പലം, 1-ാം ബുധൻ ചിനിവിള ജോർജ്ജ് 5 pm
വലിയവിള, 2-ാം ബുധൻ ജയചന്ദ്രൻ ഭവനം 4.30 pm
കരമന,3-ാം ബുധൻ ശാന്തഭവനം 3 pm
3-ാം ബുധൻ ജോർജ്ജ് ഫിലിപ്പ് ഭവനം 5.00pm
കിള്ളി, 4-ാം ബുധൻ ബിജുഭവനം 6 pm
വെങ്ങാന്നൂർ, 1-ാം വ്യാഴം ജസ്റ്റസ് ഭവനം 5 pm
ഉദിയൻകുളങ്ങര, 2-ാം വ്യാഴം ശശിഭവനം 4.30 pm
പേരൂർക്കട, 2-ാം വ്യാഴം സാവിത്രിഭവനം10.30am
ഞണ്ടൂർകോണം 3-ാം വ്യാഴം ആന്റണി ഭവനം 4.30 pm
കുറ്റ്യാനി, 4-ാം വ്യാഴം രാജൻ ഭവനം 4.30 pm
മരുതൂർ, 1-ാം ശനി സദാശിവൻ ഭവനം 5.30 pm
സന്തോഷ് നഗർ, 2-ാം ശനി മുരളിസാർ ഭവനം 5.30 pm
2-ാം ശനി യൂത്ത് നൈറ്റ് പ്രയർ 7.30 pm
നെട്ടയം, 3-ാം ശനി ജോർജ്ജ് ഭവനം 5.30 pm, പാറോട്ട്കോണം,4-ാം ശനി മനോജ് ഭവനം 5.30 pm



**പാസ്റ്റർ വിനു നടയ്ക്കൽ**
Mob: 9744569559
**പാറശാല**
ആത്മാഭിഷേകംവർഷിപ്പ് സെന്റർ (ഷീലാ കോട്ടേജ് റെയിൽവെപാലത്തിന് സമീപം, കാരക്കോണം റൂട്ട്)
ഞായർ 10 am to 1.00 pm (ആരാധന)
**വെള്ളറട,** ജെ.എം. ഹാൾ
ഞായർ 3pm to to 5pm (ആരാധന)
**അമരവിള,** എസ്ഥേർഭവനം
രണ്ടാം ശനി 2pm to to 4pm (ആരാധന)

## OUR CHURCHES OUT OF KERALA



Pr. Raj Mohan
Mob:09958328119

### DELHI

Plot No.20, Sevak Park,Near
Metro Pillar No.772,
Dwarka Mor metro station,
New Delhi-59

Sunday Worship 10 AM-1 PM (Malayalam &Hindi)

Mohan Garden Village, Near Uttam Nagar
Wed.: 6.30 PM-8.30 PM (Hindi)

SPG Complex, Dwaraka Sector-8
Thursday: 7.30 PM- 9.30 PM (Malayalam)

Palam Village, Satri Marg, Raj Nagar II
Friday: 5.30 PM- 7.30 PM (Hindi)

Every Second Saturday, Youth Meeting 10am-4 pm

### MAHARASHTRA (Kamothe)



Pr. Yohannan Daniel
Ph: 9447192773
9747244773

Navi Mumbai Athmabhishekam Worship Centre
Sushmapatil School& Junior College.
Kamothe Sector 11.Near Manasorowar.
Sunday Worship 10 am-1pm

### GUJARAT





Mrs. & Mr. Samachen (Pastor)
Mob: 09737930414
09904422339, 08460985339
Sunday Worship 10 am- 1 pm

### CHENNAI





Mrs. & Mr. Mathew K. Zachariah(Pastor)
Ph: 09916315981
Grace Matriculation School
Near Hot Chips Bus Stop & Shanthi
Colony Road,No. 4, L Block, 12th main
Road. Ist Street, Anna Nagar
Sunday Worship 10.00 am - 1.00 am

### Coimbatore (Pothannur)





Mrs. & Mr. Wilson (Pastor)
Ph: 09585290142

M.G.Community Hall, Opp. Railway Hospital. Sunday Worship 10 am- 1 pm

**Selem** Ammini Home
Ranganadar Street
Worship: Tuesday 10 am to 2 pm
Ph: 9443820626

## FELLOWSHIPS IN ABROAD

### AMERICA

**Newyork (Hicksville)**
**Every Fridays**
**4pm -7pm**
**For your PrayerRequest**
**Ph.: 001 5166432037**

### CANADA



908-1585
Ernest Ave

Pr. Dollet Zacharia
Ph: 0012262241417

### UAE Sharja



Pr. Jiji
Ph:00971503631158

Friday 10 am to 12.30 noon
Praise and Worship

### YEMEN(SANA)



Pr.Lal Kumar R
Ph:00967777741554

Friday 9.30 am to 12.30 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a.
Thursday 5 pm to 7 pm
at Athmabhishekam Worship Center,
Near Kuwait Hospital, Sana'a
And Athmabishekam worship center,
Safia.Sana'a
Sunday
prayer 5pm to 6.30pm at
Kuwait Hospital and
Saudi German Hospital. sana'a.

### BAHRAIN.

Pr. Raju Issac
Ph: 00973 3235 5290
0097333234007



Every Thursday
8 pm to 10 pm

South Park, Gwudhebia
(Friday 9.30 am to 12 pm)
Tuesday 7.30 pm to 9 pm)
Prayer Meeting

### KUWAIT



Pr. Sojan Zacharias
Ph: 0096597711237
N E C K Kuwait City
Church Auditorium
(Monday, 7.00 pm- 9.30 pm)

### SALMIYA

Pr. Sabu Francis
Ph: 00965 97711267



Friday
9 am to 12 noon

Caesar's Travel & Tourism Basement

Dr. Viji
Ph:0096566394954



English worship (Friday)
6.30 pm to 9 pm

Indian PublicSchool

### ABBASSIYA





Pr. jomon & Pr.Samson
Ph: 00965 97207125
00965 66311234
ACE Hall, Near Subway
Friday 9 am to 12.30pm

### MANGAF



Pr.Roy
Ph:00965 65929880
Friday
9 am to 12 noon

Pr.Tomy Mannoor



Ph:00965 96035928

### MAHBULA

Saturday
7 pm to 9 pm





Pr. Sojan & Br.Jijo
Ph: 00965 97711237
00965 66970496

### FORWANIA

Friday 7 Pm to9 PM

15-ാം പേജിൽ നിന്നും തുടർച്ച




തന്നെയാണ് താനും.

4. "ആകയാൽ, നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ സ്നാനം കഴിപ്പിച്ചും ഞാൻ നിങ്ങളോട് കൽപ്പിച്ചതൊക്കെയും പ്രമാണിപ്പാൻ തക്കവണ്ണം ഉപദേശിച്ചുംകൊണ്ട് സകല ജാതികളെയും ശിഷ്യരാക്കികൊൾവിൻ; ഞാനൊ ലോകാവസാനത്തോളം എല്ലാനാളും നിങ്ങളോടുകൂടിയുണ്ട്" (മത്താ.28:19,20). ഒരേ നാമത്തിനുള്ളിൽ മൂന്ന് ആളത്തങ്ങൾ ഉണ്ടെന്നത് ഇവിടെ ശ്രദ്ധേയമാണ്. ആദ്യത്തേത് പിതാവിന്റെ ആളത്തം. രണ്ടാമത്തേത് പുത്രന്റെ ആളത്തം. അവസാനത്തേത് പരിശുദ്ധാത്മാവിന്റേതും. ഇതാണ് നിഖ്യാസൂനഹദോസിന്റെ **സത്താസമത്വം.**

5. "**അവൻ** ദൈവത്തിന്റെ വലതുഭാഗത്തേക്ക് ആരോഹണം ചെയ്ത് പരിശുദ്ധാത്മാവ് എന്ന വാഗ്ദത്തം പിതാവിനോട് വാങ്ങി, നിങ്ങൾ ഈ കാണുകയും കേൾക്കുകയും ചെയ്യുന്നത് പകർന്നു തന്നു" (അപ്പൊ.2:33). ഇവിടെ **അവൻ** എന്നത് യേശുക്രിസ്തുവിനെയും **ദൈവത്തിന്റെ** എന്നത് **പിതാവിനെ**യും **പരിശുദ്ധാത്മാവ്** എന്നത് ആത്മാവിനെയും പ്രതിനിധീകരിക്കുന്നു. അങ്ങനെ AD 30-ലെ പെന്തക്കോസ്ത് നാളിൽ സഭ ത്രീത്വോപദേശത്തിന്റെ അകമ്പടിയോടെ സ്ഥാപിതമായി. ഈ ത്രീയേകദൈവത്തിന്റെ ദൈവീകനിർണ്ണയവും പദ്ധതിയും ദൈവീകജ്ഞാനത്തിലും പരിജ്ഞാനത്തിലും പൂർണ്ണമാണ്, നിത്യമാണ്, മാറ്റമില്ലാത്തതാണ്, സ്വതന്ത്രവും നിരുപാധികവും ദൈവത്തിന് മാത്രം മഹത്വമുള്ളതുമാണ്.

2 കൊരി.13:14-ലും മറ്റനേകം അപ്പൊസ്തലിക ആശീർവ്വാദങ്ങളിലും കർത്താവായ യേശുക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങളേവരോടുംകൂടെ ഇരിക്കുമാറാകട്ടെ എന്നാണുള്ളത്. ദൈവത്തിൽ മൂന്ന് ആളത്തങ്ങൾ ഉള്ളതുകൊണ്ടാണ് ഇത്തരം സന്ദർഭങ്ങളിൽ മൂന്നുപേരുടേയും പേരുകൾ എടുത്തെടുത്ത് പറഞ്ഞത്.

നിത്യതയിൽ ആരാലും സൃഷ്ടിക്കപ്പെടാത്ത മൂന്ന് പേർ ഉണ്ട്. ദൈവദൂതന്മാർ പോലും അപ്പോൾ ഇല്ല. നിത്യതയിൽ നിത്യനായ പിതാവും നിത്യനായ പുത്രനും നിത്യനായ പരിശുദ്ധാത്മാവും എന്നീ മൂന്ന് ആളത്തങ്ങൾ ഉണ്ടായിരുന്നു. ഉണ്ട്.

പിതാവിൽനിന്നും പുത്രൻ ജനിച്ചു എന്നു പറയുമ്പോൾ ഏതെങ്കിലും ഒരു സ്ത്രീ പുരുഷനാൽ ഗർഭം ധരിച്ച് പ്രസവിക്കുന്നതുപോലെയല്ല ബൈബിൾ വിവക്ഷിക്കുന്നത്. ജഢത്താലുള്ള ജനനമെന്നും, ആത്മാവിലുള്ള ജനനമെന്നും, വീണ്ടും ജനനമെന്നും പറയുന്നതുപോലെയാണ് പിതാവ് പുത്രനെ ജനിപ്പിച്ചു എന്നു പറയുന്നത്. "നീ എന്റെ പുത്രൻ ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു" എന്ന് രണ്ടാം സങ്കീർത്തനം 7-ാം വാക്യം വായിക്കുമ്പോഴും യേശുക്രിസ്തു പലപ്പോഴും പിതാവെ എന്ന് വിളിച്ച് പ്രാർത്ഥിക്കുമ്പോൾ പിതാവിലേക്ക് വളരുവാൻ നമ്മോട് ആവശ്യപ്പെടുമ്പോഴുമൊക്കെ ഒരു ജൈവപരമായ പിതൃ പുത്ര ബന്ധം എന്നല്ല അർത്ഥം, പിന്നെയോ, അവൻ **തത്വത്തിന്റെ മുദ്രയും** (എബ്രാ.13) **ദൈവത്തിന്റെ സർവ്വസമ്പൂർണ്ണതയും ദേഹരൂപമായി വസിക്കുന്നവൻ** (കൊളോ.2:9) എന്ന പ്രയോഗവും കൂടി കരുതി സാരാംശത്തിൽ ഒന്നെങ്കിലും ആളത്തത്തിൽ രണ്ടെന്നു കരുതേണ്ട വിശുദ്ധ മർമ്മാവസ്ഥയാണെന്ന് വേണം കരുതി വിശ്വസിക്കുവാൻ. പരിശുദ്ധാത്മാവിനും പിതൃപുത്ര ആളത്തങ്ങളെ പോലെ ആളത്വവും ദൈവത്വവും, യഥാർത്ഥത്തിൽ ഉണ്ട്. പരിശുദ്ധാത്മാവ് ത്രീത്വത്തിലെ മൂന്നാമത്തെ വ്യക്തിയാണ്. അവൻ പിതാവിലും പുത്രനിലും വസിക്കുകയും ചെയ്യുന്നു. പിതാവിൽ നിന്നും പുത്രനിൽ നിന്നും പുറപ്പെടുകയും ചെയ്യുന്നു. ഉദാഹരണങ്ങൾ:-

1. "ഞാൻ പിതാവിന്റെ അടുക്കൽ നിന്ന് നിങ്ങൾക്ക് അയയ്ക്കാനുള്ള കാര്യസ്ഥനായി, പിതാവിന്റെ അടുക്കൽ നിന്ന് പുറപ്പെടുന്ന സത്യാത്മാവ് വരുമ്പോൾ അവൻ എന്നേക്കുറിച്ച് സാക്ഷ്യം പറയും" (യോഹ.15:26).

2. "നിങ്ങളോ, ദൈവത്തിന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എന്ന് വരികിൽ ജഢസ്വഭാവമുള്ളവരല്ല, ആത്മസ്വഭാവമുള്ളവരത്രെ. ക്രിസ്തുവിന്റെ ആത്മാവില്ലാത്തവൻ അവനുള്ളവനല്ല. ക്രിസ്തു നിങ്ങളിലുണ്ടെങ്കിലോ




ശരീരം പാപം നിമിത്തം മരിക്കേണ്ടതെങ്കിലും ആത്മാവ് നീതി നിമിത്തം ജീവനാകുന്നു. യേശുവിനെ മരിച്ചവരിൽ നിന്നുയിർപ്പിച്ചവന്റെ ആത്മാവ് നിങ്ങളിൽ വസിക്കുന്നു എങ്കിൽ ക്രിസ്തുയേശുവിനെ മരണത്തിൽ നിന്നുയിർപ്പിച്ചവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മവിനെക്കൊണ്ട് നിങ്ങളുടെ മർത്യശരീരങ്ങളെയും ഉയിർപ്പിക്കും" (റോമ.8:9-11).

3. "നിങ്ങൾ മക്കളാകകൊണ്ട് അബ്ബാ പിതാവെ എന്ന് വിളിക്കുന്ന സ്വപുത്രന്റെ ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു" (ഗലാ.4:6).

4. "നിങ്ങളുടെ പ്രാർത്ഥനയാലും യേശുക്രിസ്തുവിന്റെ ആത്മാവിന്റെ സഹായത്താലും അത് എനിക്ക് രക്ഷാകരമായിത്തീരും എന്ന് ഞാൻ പ്രത്യാശിക്കുന്നു" (ഫിലി.1:19).

പുത്രനായ യേശുവും പരിശുദ്ധാത്മാവും പിതാവിൽ നിന്ന് പുറപ്പെട്ടവരാണ്. ഒരിക്കലും പിതാവിന്റെ സൃഷ്ടിയല്ല. പ്രപഞ്ചത്തിൽ ഉള്ളവയെല്ലാം ഉണ്ടാകട്ടെ എന്ന് പറഞ്ഞ് ത്രീത്വം സൃഷ്ടിച്ചതുപോലെ ഉണ്ടാകട്ടെ എന്ന് പറഞ്ഞോൻ പറയാതെ വിചാരിച്ചോ, ഭാവിച്ചോ സൃഷ്ടിച്ചതല്ല പുത്രനെയും പരിശുദ്ധാത്മാവിനെയും. ആ മൂന്നാളത്തങ്ങൾ ഒരുമിച്ച് ഒരു നിമിഷം (അനാദിയിൽ) ഉണ്ടായതാണ്. അതാണ് ത്രീത്വത്തിന്റെ മാർമ്മികരഹസ്യം. പിതാവിൽ നിന്ന് പുറപ്പെട്ടുവെന്ന പറച്ചിൽ, സാരാംശത്തിൽ ഒന്നായത് രക്ഷാകരമായ ദൈവീകവ്യവസ്ഥയിൽ മൂന്നായതാണ്.

സൃഷ്ടിയോടും രക്ഷയോടും ദൈവീകവെളിപ്പാടിന്റെ സ്ഥിരതയോടും ആവശ്യമായതിനാലാണ്, ഒരിക്കലും ഭിന്നിക്കാതെയും പരസ്പരസ്നേഹവും ബഹുമാനവും നിലനിർത്തിക്കൊണ്ടും ത്രീത്വം എന്നും ഒന്നായിനിൽക്കുന്നത്.

മനുഷ്യരക്ഷ സാധിക്കാനാവശ്യമായ മിനിമം പരിപാടിയാണ് സ്വർഗ്ഗീയത്രീത്വത്തിലൂടെ സംഭവിച്ചത്. സൃഷ്ടികർമ്മത്തിലും രക്ഷാകർമ്മത്തിലും പരിപാലനത്തിലും അന്തിമ ന്യായവിധിയിലും എല്ലാം ത്രീയേക ദൈവം ഒരുമിച്ച് പ്രവർത്തിക്കുന്നതായാണ് ബൈബിളിൽ കാണുക. സൃഷ്ടികർമ്മത്തിൽ പുത്രനും പരിശുദ്ധാത്മാവും വേണ്ടതൊക്കെ ചെയ്തെങ്കിലും പിതാവിനാണവിടെ പ്രാധാന്യം. മനുഷ്യന്റെ രക്ഷാകർമ്മത്തിൽ പിതാവും പരിശുദ്ധാത്മാവും വേണ്ടതൊക്കെ ചെയ്തെങ്കിലും പുത്രന്റെ സ്നാനത്തിനും ക്രൂശുമരണത്തിനും ഉത്ഥാനത്തിനും ആണവിടെ പ്രാധാന്യം. സഭാ നിർമ്മാണത്തിലും വരദാന വിതരണത്തിലും പിതാവും പുത്രനും വേണ്ടതൊക്കെ ചെയ്തെങ്കിലും പരിശുദ്ധാത്മാവിനാണവിടെ കൂടുതൽ പ്രവർത്തനങ്ങൾ.

വരുവാനിരിക്കുന്ന നിത്യതയിൽ പരിശുദ്ധാത്മാവിന്റെ സഹകരണത്തോടെ പുത്രൻ രാജ്യം പിതാവിനെ ഏൽപ്പിക്കും. കണ്ണുകണ്ടിട്ടില്ലാത്തതും കാതു കേട്ടിട്ടില്ലാത്തതും മനു


## പ്രാർത്ഥനാ സഹായങ്ങൾക്കും കത്തിടപാടുകൾക്കും

*എറണാകുളം അഡ്രസ്സ്:*
ദേവസ്യാ മുല്ലക്കര, കൂടാരം വില്ല,
ഹൗസ് നമ്പർ 70, പുളിക്കില്ലം വെസ്റ്റ് റോഡ്,
ചെമ്പുമുക്ക്, കൊച്ചി-682 030.
കേരള, സൗത്ത് ഇന്ത്യ. ഫോ.: 0484-4033178

*ഹെഡ്ഡ് ഓഫീസ് അഡ്രസ്സ്:* ദേവസ്യാ മുല്ലക്കര,
PB.No.1
ചെറുപുഴ P.O, പുളിങ്ങോം, കണ്ണൂർ (ജില്ല),
കേരളം. പിൻകോഡ്: 670 511.
ഫോ.: 04985-213999

Our official website
www.churchofeternity.org, e-mail:ekmoffice@gmail.com

Contact: Devasia MullakkaraSir 9388371777, 9946635111 (Time 7 am- 9am)
Prayer Line: 9495932106, 9447715159




ഷ്യമനസ്സ് ഗ്രഹിച്ചിട്ടില്ലാത്തതുമായ സ്വർഗ്ഗീയദർശനം പ്രാപിച്ച് നാം പിതാവിനാൽ ഭരിക്കപ്പെടുന്ന നിത്യതയിൽ പിതാവിൽ ലയിച്ചിരിക്കുന്ന ആത്മനിറവും പുത്രന്റെ കൃപയും ഉള്ള അനന്തമായ ദൈവസ്നേഹം ആസ്വദിച്ച് ആരാധനയുടെ അചുംബിതാവസ്ഥയിൽ എത്തിച്ചേരും.

ദൈവം ആത്മാവാണ് (യോഹ.4:24, 2 കൊറി.3:17) പക്ഷെ നാം ഭൗതീകശരീരം പ്രാപിച്ചവരാണല്ലൊ, അതുകൊണ്ട് (ദൈവത്തേപ്പോലെ നാം കേവലം ആത്മാവല്ലാത്തതു കൊണ്ട്) ദൈവസത്തയെ പൂർണ്ണമായും ഉൾക്കൊള്ളുവാൻ കഴിയുകയില്ല. ദൈവം അപരിമിതനും നാം പരിമിതരും ആണ്. ദൈവീകത്രീത്വത്തിൽ ലയിച്ചുചേർന്നിരിക്കുന്ന ഏകത്വത്തെ തത്വശാസ്ത്രാധിഷ്ഠിതമായി ഗ്രഹിക്കുവാൻ ശ്രമിക്കുന്നത്, അപരിമിതത്തത്തെ പരിമിതത്തത്തിൽ കൊണ്ടുവരുവാൻ ശ്രമിക്കുന്നതിന് തുല്യമാണ്. പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെയുള്ള മൂന്ന് ആളത്വങ്ങളിൽ തന്നെത്താൻ വെളിപ്പെടുത്തിയ നിത്യനായ ത്രീയേകദൈവത്തിൽ നാം ഉറച്ചുവിശ്വസിക്കുക.

ഇത്തരം പരിമിതിയെ ചാടിക്കടക്കാൻ ശ്രമിച്ചവരിൽ പലരും സാത്താനാൽ പരിശോധിക്കപ്പെട്ടു. അവരൊക്കെ ദുരുപദേശകയങ്ങളിലായി. നേരത്തെ സൂചിപ്പിച്ചതുപോലെ അവരിൽ ഒരു കൂട്ടർ ലെഗിയോന്യർ ആണ് (Ebionites). മറ്റൊന്ന് ജ്ഞാനവാദികളാണ്. ഏകാധിപത്യവാദികൾ ഉണ്ട് (monarchianism), ശാക്തിക ഏകാധിപത്യവാദികൾ ഉണ്ട് (Dynamic monarchianism). അറിയേന്യർ (Arians) മുൻപന്തിയിലുണ്ട്. ഇസ്ലാം മതം ഇക്കാര്യത്തിൽ വളരെക്കൂടുതലായി ബൈബിൾ തെറ്റാണെന്ന് പഠിപ്പിക്കുന്നുണ്ട്. സൂറത്ത് 4:171-ൽ അല്ലാഹുവിലും അവന്റെ ദൂതന്മാരിലും വിശ്വസിക്കുക. ദൈവം മൂന്നെണ്ണമാണെന്ന് നിങ്ങൾ പറഞ്ഞുപോകരുത് എന്ന് ശാഠ്യം പിടിച്ചിരിക്കുകയാണ്. സൂറത്ത് 5:75- മർയ്യമിന്റെ മകൻ മസീഹ് ഒരു ദൈവദൂതൻ മാത്രമാകുന്നു എന്നും പറഞ്ഞിരിക്കുന്നു. (ഇസ്ലാംമതത്തെ വിമർശിക്കുകയല്ല, ബൈബിൾസത്യങ്ങളെ കോട്ടി വളയ്ക്കുന്നവർ ഉണ്ടെന്ന് പറയുകയായിരുന്നു. പ്രത്യേകിച്ചും, ഇന്ത്യ ഒരു മതേതരജനാധിപധ്യരാജ്യമാണ്. ആർക്കും ഇവിടെ ഇഷ്ടമുള്ള മതവിശ്വാസമോ, ആചാരാനുഷ്ഠാനമോ സ്വന്തമാക്കാം. ആരും ആരെയും ചെറുതാക്കുകയോ ഉയർത്തുകയോ വേണ്ടല്ലൊ. എന്നിരിക്കിലും ലോകൈകദൈവമായ ത്രിത്വൈകദൈവം യേശുക്രിസ്തുവിലൂടെ വെളിപ്പെട്ടു എന്നതും പരിശുദ്ധാത്മാവിലൂടെ ഈ കൃപായുഗത്തിൽ പ്രവർത്തിക്കുന്നു എന്നതും ഞാൻ എല്ലാം മറന്ന് ഉയർത്തിപ്പിടിക്കട്ടെ).


## പുത്രന് പിതാവിനോടുള്ള ഏകത്വം വ്യക്തമാക്കാമോ?

ഞാനും പിതാവും ഒന്നാകു



**അച്ചാമ്മ. കളമശ്ശേരി.** Ph: **9495213949**

എന്റെ പേര് അച്ചാമ്മ. ഞാൻ എറണാകുളം ജില്ലയിൽ കളമശ്ശേരിയിൽ താമസിക്കുന്നു. എനിക്ക് 2015 മാർച്ചിൽ പെട്ടെന്ന് ഒരു ഛർദ്ദിയുണ്ടാകുകയും അപ്പോൾതന്നെ ആശുപത്രിയിൽ പോകുകയും ചെയ്തു. അവിടെ ചെന്നപ്പോൾ ഡോക്ടർമാർ പരിശോധിച്ചതിനുശേഷം ഹാർട്ടിന്റെ വാൽവ് ചുരുങ്ങുന്ന രോഗമാണെന്നും വല്ലാതെ കൂടിപ്പോയെന്നും ഉടനെ ഓപ്പറേഷൻവേണമെന്നും പറഞ്ഞു. സാമ്പത്തികപ്രയാസം കാരണം ഓപ്പറേഷൻ ചെയ്തില്ല. പക്ഷെ എന്റെ യേശുവിനോട് പ്രാർത്ഥിച്ചാൽ എനിക്കു വിടുതൽ ലഭിക്കുമെന്ന് ഞാനും എന്റെ മക്കളും വിശ്വസിച്ചു. അവർ എന്നെ എറണാകുളത്ത് ദേവസ്യാ സാറിന്റെ പ്രാർത്ഥനാ സ്ഥലത്തേക്ക് കൂട്ടിക്കൊണ്ട് പോകുകയും കർത്താവ് എന്നെ സാറിന്റെ പ്രാർത്ഥനയിലൂടെ അനുഗ്രഹിക്കുകയും ചെയ്തു. അതുവരെ വളരെ ക്ഷീണമായിരുന്ന എനിക്ക് പിന്നീട് നഷ്ടപ്പെട്ട ആരോഗ്യം വീണ്ടെടുക്കുവാൻ സാധിച്ചു. ഇന്നും മരിച്ചുയിർത്ത് ജീവിക്കുന്ന ദൈവം എന്നെയും കൃപയാൽ മരണത്തിന്റെ താഴ്വരയിൽ നിന്നും രക്ഷിച്ചു.



# അടിസ്ഥാന ദൈവശാസ്ത്രം
# Fundamental Knowledge of THEOLOGY

knowledge of the truth സത്യത്തിന്റെ പരിജ്ഞാനം

ന്നുവെന്ന് യോഹ.10:30-ൽ യേശുക്രിസ്തു പറഞ്ഞുവല്ലോ. പിതാവും പുത്രനും തമ്മിലുള്ള ഏകത്വം ആണിതിനു കാരണം. ഇവർ ഭിന്നമായ ആളത്വമുള്ളവരെങ്കിലും, രണ്ട് ഭിന്ന ദൈവങ്ങളല്ല; ഏകദൈവമാണ്. ഉല്പ.1:1 അനുസരിച്ച് പ്രപഞ്ചസൃഷ്ടാവ്പിതാവാണ്. അപ്പോൾത്തന്നെ യോഹ.1:3 അനുസരിച്ച് പ്രപഞ്ചത്തെ പുത്രൻ സഷ്ടിച്ചതുമാണ്. "ആദിയിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു" (ഉല്പ.1:1). "സകലവും അവൻ മുഖാന്തരം ഉളവായി; ഉളവായതൊന്നും അവനെകൂടാതെ ഉളവായതല്ല" (യോഹ.1:3).

നെഹ.9:6-ൽ നാം കാണുന്നു; "നീ മാത്രം യഹോവയാകുന്നു; നീ ആകാശത്തെയും സ്വർഗ്ഗാധിസ്വർഗ്ഗത്തെയും അവയിലെ സകല സൈന്യത്തെയും ഭൂമിയെയും അതിലുള്ള സകലത്തെയും സമുദ്രങ്ങളെയും അവയിലുള്ള സകലത്തെയും ഉണ്ടാക്കി; നീ അവയെ ഒക്കെയും രക്ഷിക്കുന്നു" . എബ്രാ.1:3- "അവൻ (യേശുക്രിസ്തു) തന്റെ തേജസ്സിന്റെ പ്രഭയും തത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുന്നവനും ആണ്".

ഇവിടെ നാം അറിയേണ്ട കാര്യം പ്രപഞ്ചം സദാസമയവും യഹോവയുടെ കയ്യിലാണ്. അതേസമയം പുത്രന്റെ കയ്യിലുമാണ്. പിതാവും പുത്രനും സാരാംശത്തിൽ ഒന്നായതുകൊണ്ടാണ് ഇതിങ്ങനെ സാധിക്കുന്നത് എന്ന് നാം തിരിച്ചറിയണം.


1 തെസ്സ.2:2-ൽ "ദൈവത്തിന്റെ സുവിശേഷം" എന്നു നാം കാണുന്നു. എന്നാൽ 1 തെസ്സ.3:2-ൽ "ക്രിസ്തുവിന്റെ സുവിശേഷം" എന്നും കാണുന്നു. ഇതിൽ നിന്നും ദൈവവും ക്രിസ്തുവും ഒന്നാണെന്ന ചിന്തയാണ് പരിശുദ്ധാത്മപൂരിതന് മനസ്സിലാവുക. ഗലാ.1:13-ൽ "ഞാൻ ദൈവത്തിന്റെ സഭയെ അത്യന്തം ഉപദ്രവിച്ചു". 1 കൊരി.5:9-ൽ "ദൈവസഭയെ ഉപദ്രവിച്ചതിനാൽ അപ്പൊസ്തലൻ എന്ന പേരിന് യോഗ്യനുമല്ല" എന്നും കാണുമ്പോൾ ഗലാ.1:22- "ക്രിസ്തുസഭ" എന്നും കാണാൻ കഴിയും. അപ്പൊ.20:28-ൽ "നിങ്ങളെത്തന്നെയും ഞാൻ സ്വന്തരക്തത്താൽ സമ്പാദിച്ചിരിക്കുന്ന" എന്നിടത്തും റോമ.16:16-ൽ **"ക്രിസ്തുവിന്റെ സകല സഭകളും നിങ്ങളെ വന്ദനം ചെയ്യുന്നു"** എന്നിടത്തും നാം എന്താണ് പഠിക്കേണ്ടത്? യഹോവയും ക്രിസ്തുവും ഒന്നാണെന്നുതന്നെ. യഹോവയുടെ സഭയെന്നും ക്രിസ്തുവിന്റെ സഭയെന്നും പറയുന്നത് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടുന്ന സത്യസഭയെയാണ്.

മത്താ.6:9,10-ൽ സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ, നിന്റെ നാമം വിശുദ്ധീകരിക്കപ്പെടണമെ, നിന്റെ ഇഷ്ടം ഭൂമിയിലും ആകണമെ,



എന്റെ പേര് ലതാകുമാരി. എനിക്ക് 2011-ൽ ഒരു അപകടത്തിൽ രണ്ട് കാലിനും പൊട്ടലുണ്ടാകുകയും ആശുപത്രിയിൽ കൊണ്ടുപോയപ്പോൾ ഓപ്പറേഷൻ ചെയ്യാൻ ബുദ്ധിമുട്ടാണെന്നും വീൽചെയർ ഉപയോഗിക്കാൻ മാത്രമെ പറ്റുകയുള്ളുവെന്നും പറഞ്ഞു. ഞാനാകെ നിരാശയിലായി. അങ്ങനെയിരിക്കുമ്പൊഴാണ് ദേവസ്യാസാറിന്റെ ശുശ്രൂഷയെക്കുറിച്ച് അറിഞ്ഞത്. 2011-ൽ തന്നെ പരുത്തിപ്പാറയിൽ ഒരു ശുശ്രൂഷയിൽ ഞാൻ പങ്കെടുക്കുവാനിടയായി. എന്നെ രണ്ട് പേർ പിടിച്ചുകൊണ്ടാണ് അവിടെ കൊണ്ടുപോയത്. വ്യക്തിപരമായ പ്രാർത്ഥനാവേളയിൽ സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും പ്രാർത്ഥനക്കുശേഷം നടക്കുവാനും ഓടുവാനുമൊക്കെ പറഞ്ഞു. അന്നു മുതൽ ഇന്നുവരെ എന്റെ കാലിന് യാതൊരു കുഴപ്പവുമില്ല. എന്റെ യേശു എന്നെ സൗഖ്യപ്പെടുത്തി. എനിക്കുവേണ്ടി പ്രാർത്ഥിച്ച സാറിനെ കർത്താവ് ഇനിയും അവിടുത്തെ സുവിശേഷം ധാരാളമായി മറ്റുള്ളവർക്ക് പങ്കുവച്ചുകൊടുക്കുവാൻ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ലതാ കുമാരി. തിരുവനന്തപുരം.**
**Ph: 9847625560**




ഞങ്ങൾക്കാവശ്യമായ ആഹാരം ഇന്നു തരേണമെ...... എന്നു തുടങ്ങുന്ന പ്രാർത്ഥന ഏവർക്കും സുപരിചിതമാണല്ലൊ. അവിടെ ദൈവപിതാവിനോടും അങ്ങയുടെ രാജ്യം ഇവിടെയും എന്റെ ഹൃദയത്തിലും സ്ഥാപിക്കണമെന്നാണല്ലൊ അപേക്ഷിച്ചത്- ദൈവരാജ്യം- എഫേ.5:5-ൽ ദുർനടപ്പുകാരൻ, അശുദ്ധൻ, വിഗ്രഹാരാധിയായ ദ്രവ്യാഗ്രഹി ഇവർക്കാർക്കും "ക്രിസ്തുവിന്റെയും ദൈവത്തിന്റെയും" രാജ്യത്തിൽ അവകാശമില്ലെന്ന് നിങ്ങൾ അറിയുന്നുവല്ലൊ. ഇംഗ്ലീഷിലാണെങ്കിൽ "For this you know, that no fornicator, unclean person, nor covetous man, who is an idolator has any inheritance in the kingdom of Christ and God (NKJV Epe.5:5) അപ്പോൾ ദൈവരാജ്യമെന്നത് പിതാവിന്റേത് മാത്രമല്ല ക്രിസ്തു എന്ന പുത്രന്റേതുകൂടെയാണ്. ബൈബിൾ മുഴുവൻ ദൈവവചനമാണ്. ദൈവശ്വാസീയ വചനങ്ങളാണ് ബൈബിളിൽ മുഴുവൻ. കൊളൊ.1:25 -ൽ അത് ദൈവവചനമെന്ന് (to fulfill the word of God) പറയുമ്പോൾ 1 തെസ്സ.1:8-ൽ "നിങ്ങളുടെ അടുക്കൽ നിന്ന് കർത്താവിന്റെ വചനം മുഴങ്ങിച്ചെന്നത്" എന്നിടത്ത് കർത്താവിന്റെ (യേശുവിന്റെ) വചനം എന്നു പറഞ്ഞിരിക്കുന്നു. ( For from you the word of the Lord)

യഹൂദന്മാരെ സംബന്ധിച്ചിടത്തോളെ അവരുടെ ദേവാലയത്തേക്കാൾ വലുതായി ഒരാളേയുള്ളു. അത് യഹോവയാണ്. താനും യഹോവയും ഒന്നായതുകൊണ്ട് മത്താ.12:6-ൽ യേശുവിനെപ്പറ്റി യേശു തന്നെ പറയുകയാണ്. "എന്നാൽ ദൈവാലയത്തേക്കാൾ വലിയവൻ ഇവിടെയുണ്ട് എന്നു ഞാൻ നിങ്ങളോട് പറയുന്നു". നാം യഹോവസാക്ഷികളുടെ ചിന്തയിലേക്കൊന്നും പോകേണ്ട. യേശു തന്നെയാണ് യഹോവ, യഹോവ തന്നെയാണ് യേശു.

യഹോവയുടെ ആലയം യേശുവിന്റെയും ആലയമാണ്. മത്താ.21:13 - "എന്റെ ആലയം പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും". യേശ.56:7- "എന്റെ (യഹോവയുടെ) ആലയം സകല ജാതികൾക്കുമുള്ള പ്രാർത്ഥനാലയം എന്ന് വിളിക്കപ്പെടും". ജെറ.7:11- "എന്റെ നാമം വിളിച്ചിരിക്കുന്ന ഈ ആലയം കള്ളന്മാരുടെ ഗുഹയെന്ന് നിങ്ങൾക്കു തോന്നുന്നുവോ"


എന്റെ ആലയമെന്നും എന്റെ പിതാവിന്റെ ആലയമെന്നും യേശു വചനവ്യവസ്ഥയനുസരിച്ച് പറയുന്നു. പരിശുദ്ധാത്മാവിനോട് പ്രാർത്ഥിച്ചുകൊണ്ട് നമ്മളും ദൈവവ്യവസ്ഥയ്ക്കും (വചനവ്യവസ്ഥയ്ക്കും) വിധേയപ്പെട്ട് മുന്നോട്ട് നീങ്ങിയാൽ യഹോവയും ക്രിസ്തുവും അപ്പനും മകനും എന്നല്ല അതിനേക്കാൾ ഉപരി തുല്യരാണെന്ന് മനസ്സിലാകും.

സങ്കീ.69:9-ൽ "നിന്റെ ആലയത്തേക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു" എന്ന് നാം വായിക്കുന്നു. യോഹ.2:17-ൽ "നിന്റെ ആലയത്തെക്കുറിച്ചുള്ള എരിവ് എന്നെ തിന്നുകളഞ്ഞു" എന്ന് ഓർത്തു എന്നും നാം വായിക്കുന്നു.

ശബ്ബത്ത് എന്ന വാക്കിന്റെ അർത്ഥം എന്താണ് ? സ്വസ്ഥത എന്നാണ്. വിശ്രമമെന്നും നിവൃത്തി എന്നും ആകാം. ഉല്പ.2:2-ൽ "താൻ ചെയ്ത പ്രവൃത്തിയൊക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകല പ്രവൃത്തിയിൽ നിന്നും 7-ാം ദിവസം നിവൃത്തനായി" എന്ന് എഴുതിയിരിക്കുന്നു. അതായത് ശബ്ബത്ത് ആചരിച്ചു.

യഹോവ സ്ഥാപിച്ച ശബ്ബ






ത്തിന്റെ കർത്താവ് യഹോവ തന്നെയാണ്. എന്നാൽ മത്താ.12:8-ൽ "മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു" എന്നു പറഞ്ഞതിലൂടെ മനുഷ്യനെന്ന നിലയിൽ താൻ ന്യായപ്രമാണം നിവർത്തിച്ചുവെങ്കിലും, താൻ ദൈവമെന്ന നിലയിൽ ശബ്ബത്തിന് അതീതനുമാണ്.

യേശയ്യാവ് 48-ൽ 11 മുതലുള്ള വാക്യങ്ങളിൽ യഹോവ പറയുന്നു: "എന്റെ നിമിത്തം, എന്റെ നിമിത്തം തന്നെ ഞാൻ അത് ചെയ്യും; എന്റെ നാമം അശുദ്ധമായിത്തീരുന്നതെങ്ങനെ? ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും കൊടുക്കുകയില്ല. യാക്കോബെ, ഞാൻ വിളിച്ചിരിക്കുന്ന യിസ്രായേലെ, എന്റെവാക്കു കേൾക്ക, ഞാൻ അനന്യൻ, ഞാൻ ആദ്യനും ഞാൻ അന്ത്യനും ആകുന്നു. എന്റെ കൈ ഭൂമിക്ക് അടിസ്ഥാനമിട്ടു, എന്റെ വലംകൈ ആകാശത്തെ വിരിയിച്ചു; ഞാൻ വിളിക്കുമ്പോഴൊക്കെയും അവയൊക്കെയും ഉളവായി വരുന്നു. നിങ്ങൾ എല്ലാവരുംകൂടി വന്ന് കേട്ടുകൊൾവിൻ; അവരിൽ ആർ ഇത് പ്രസ്താവിച്ചു; യഹോവ സ്നേഹിക്കുന്നവൻ ബാബേലിനോട് അവന്റെ ഹിതവും കല്ദയരോട് അവന്റെ ഭുജബലവും അനുഷ്ഠിക്കും. ഞാൻ, ഞാൻ തന്നെ പ്രസ്താവിക്കുന്നു; ഞാൻ അവനെ വിളിച്ചുവരുത്തിയിരിക്കുന്നു; അവന്റെ വഴി സാധ്യമാകും. നിങ്ങൾ അടുത്തുവന്ന് ഇതു കേൾപ്പിൻ; ഞാൻ ആദിമുതൽ രഹസ്യത്തിലല്ല പ്രസ്താവിച്ചിട്ടുള്ളത്; അതിന്റെ ഉത്ഭവകാലം മുതൽ ഞാൻ അവിടെ ഉണ്ട്; ഇപ്പൊഴോ യഹോവയായ കർത്താവ് എന്നെയും തന്റെ ആത്മാവിനെയും അയച്ചിരിക്കുന്നു" (യേശ.48:11-16)

ഇവിടെ പിതാവിനാൽ സൃഷ്ടിക്കപ്പെട്ട പുത്രനും ആത്മാവും എന്നല്ല അർത്ഥം. ദൈവീകത്രിത്വം ഇവിടെ സ്പഷ്ടമായി നിൽക്കുന്നു എന്നതാണ് കാമ്പായ അർത്ഥം. അയയ്ക്കപ്പെടുന്ന യേശുക്രിസ്തു യഹോവ തന്നെയാണ്.

പഴയനിയമത്തിൽ സൃഷ്ടികർമ്മം നിർവ്വഹിച്ചവൻ യഹോവയായ ദൈവം എങ്കിൽ പുതിയനിയമത്തിൽ ഭൂമിക്കടിസ്ഥാനമിട്ടവനും സകലതും സൃഷ്ടിച്ചവനും യേശുക്രിസ്തുവാണ്. 102-ാം സങ്കീർത്തനത്തിൽ 25 മുതൽ 28 വരെ ഉദ്ധരിക്കാം. "പൂർവ്വകാലത്ത് നീ ഭൂമിക്ക് അടിസ്ഥാനമിട്ടു; ആകാശം നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു. അവ നശിക്കും, നീയോ നിലനിൽക്കും, അവയെല്ലാം വസ്ത്രം പോലെ പഴകിപ്പോകും, ഉടുപ്പുപോലെ നീ അവയെ മാറ്റും, അവ മാറിപ്പോകയും ചെയ്യും, നീയോ അനന്യനാകുന്നു, നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല". ഇവിടെ ഭൂമിക്കടിസ്ഥാനമിട്ട യഹോവയെ നാം കാണുന്നു. എന്നാൽ പുതിയനിയമത്തിൽ എബ്രായലേഖനം 1-ാം




ദേവസ്യാ മുല്ലക്കരസാറിലൂടെയുള്ള സത്യവചനപ്രസംഗം കേൾക്കാൻ ജൂൺ 27, 28 തീയ്യതികളിൽ തിരുവനന്തപുരം പരുത്തിപ്പാറ ഗ്രേസ്മിനി ഹാളിൽ തടിച്ചുകൂടിയ ദൈവജനം




അദ്ധ്യായത്തിൽ 10,11,12 വചനം നോക്കാം. "പൂർവ്വകാലത്ത് നീ ഭൂമിക്ക് അടിസ്ഥാനമിട്ടു; ആകാശം നിന്റെ കൈകളുടെ പ്രവൃത്തിയാകുന്നു. അവ നശിക്കും, നീയോ നിലനിൽക്കും, അവയെല്ലാം വസ്ത്രം പോലെ പഴകിപ്പോകും, ഉടുപ്പുപോലെ നീ അവയെ ചുരുട്ടും; അവ മാറിപ്പോകയും ചെയ്യും, നീയോ അനന്യനാകുന്നു, നിന്റെ സംവത്സരങ്ങൾ അവസാനിക്കുകയുമില്ല"

പഴയനിയമത്തിൽ 102-ാം സങ്കീർത്തനത്തിൽ പറഞ്ഞത് എബ്രായലേഖകന്റെ അഭിപ്രായത്തിൽ യഹോവയായ ക്രിസ്തുവിനെയാണ്. പഴയനിയമ-പുതിയനിയമ വെളിപ്പാടുകൾ അനുസരിച്ച് ഭൂമിക്ക് അടിസ്ഥാനമിട്ട യഹോവ യേശുക്രിസ്തുതന്നെയാണ്.

സങ്കീർത്തനം 82:6-ൽ "നിങ്ങൾ ദേവന്മാർ ആകുന്നു എന്നും നിങ്ങൾ ഒക്കെയും അത്യുന്നതന്റെ പുത്രന്മാർ എന്നും ഞാൻ പറഞ്ഞു" എന്ന് നാം വായിക്കുന്നു. പുതിനിയമത്തിൽ യഹൂദന്മാരുമായുള്ള സംഭാഷണമദ്ധ്യേ യേശു വെളിപ്പെടുത്തുന്നത് യോഹ.10:34 - നിങ്ങൾ ദേവന്മാർ ആകുന്നുവെന്ന് "ഞാൻ" പറഞ്ഞു എന്ന് നിങ്ങളുടെ ന്യായപ്രമാണത്തിൽ എഴുതിയിരിക്കുന്നില്ലയോ ? (Jesus answered them It is not written in your law, **I said**, you are Gods (NKJV 10:34). സങ്കീർത്തനത്തിൽ സംസാരിച്ച ദൈവപിതാവ് യേശുക്രിസ്തുവായിരുന്നു എന്നത് വ്യക്തം. ലോകത്തിന്റെ വീണ്ടെടുപ്പുകാരനും രക്ഷകനുമായി വരുവാനിരുന്ന യഹോവ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരത്തിനു മുമ്പുള്ള വെളിപ്പാടാണ്.

ക്രിസ്തുവിന് 700-ഓളം വർഷങ്ങൾക്കുമുമ്പ്, നിരവധിയായ ദർശനങ്ങൾ ലഭിക്കുന്ന യേശയ്യാപ്രവാചകൻ എഴുതിയ തിരുവചനം കേട്ടോ. ഒരുവൻ വിളിച്ചുപറയുന്നത്, "മരുഭൂമിയിൽ യഹോവയ്ക്ക് വഴിയൊരുക്കുവിൻ, നിർജ്ജനപ്രദേശത്ത് നമ്മുടെ ദൈവത്തിന് ഒരു പെരുവഴി നിരപ്പാക്കുവിൻ" (യേശ.40:3) യേശയ്യാവ് പ്രവചനാത്മാവിൽ ക്രിസ്തുവിനെയും സ്നാപകയോഹന്നാനെയും കാണുകയായിരുന്നു. മത്താ.3:3-ൽ "മരുഭൂമയിൽ വിളിച്ചുപറയുന്നവന്റെ വാക്കാവിത്; കർത്താവിന്റെ വഴിയൊരുക്കി അവന്റെ പാത നിരപ്പാക്കുവിൻ".

വെളിപ്പാടു പുസ്തകം 1-ാം അദ്ധ്യായത്തിൽ "ഇതാ അവൻ മേഘാരൂഢനായി വരുന്നു. ഏതു കണ്ണും അവനെ കുത്തിത്തുളച്ചവരും; അവനെ കാണും". എന്ന് പറഞ്ഞിരിക്കുന്നതിലെ "അവനെ" കാണും എന്നത് യേശുക്രിസ്തുവിനെ എന്നാണർത്ഥമെന്ന് നിസ്തർക്കം പറയാൻ കഴിയും.



തിരുവനന്തപുരം ജില്ലയിൽ പൂവ്വാർ എന്ന സ്ഥലത്ത് താമസിക്കുന്ന ആളാണ് ഞാൻ. എന്റെ പേര് ദിപു. എനിക്ക് കല്യാണം കഴിഞ്ഞ് രണ്ടരകൊല്ലമായിട്ടും കുഞ്ഞുങ്ങളില്ലായിരുന്നു. അങ്ങനെയിരിക്കെ കൃപാവരങ്ങൾ ഉപയോഗിച്ച് പ്രാർത്ഥനാ ശുശ്രൂഷക്ക് നേതൃത്വം കൊടുക്കുന്ന ദേവസ്യാസാറിന്റെ ശുശ്രൂഷകളേക്കുറിച്ച് കേട്ട് ഞാനും 2014-ൽ ഫബ്രുവരിയിൽ പാറശ്ശാല ഷീല ഓഡിറ്റോറിയത്തിൽ പോകുവാനിടയായി. സാർ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും 6 മാസത്തിനുള്ളിൽ കുഞ്ഞിനെ കിട്ടുമെന്ന് പറഞ്ഞു. 1 മാസമായപ്പോൾ തന്നെ കർത്താവ് ഉദരത്തിൽ കുഞ്ഞിനെ തന്നനുഗ്രഹിച്ചു. കുഞ്ഞിന്റെ പേര് ദക്ഷിത്. എന്നെ അനുഗ്രഹിച്ച കർത്താവിനെ ഞാൻ സ്തുതിക്കുന്നു. **ദിപു. പൂവ്വാർ. തിരുവനന്തപുരം. Ph: 9895868417**




നമുക്ക് സെഖ.12:10 നോക്കാം. “തങ്ങൾ കുത്തീട്ടുള്ളവങ്കലേക്ക് അവർ നോക്കും”. “then they will look on me whom they pierced” (NKJV zecha 12:10). യേശു എന്ന യഹോവയെ ആണവർ കുത്തിയത്. കാണുന്നതോ യഹോവ എന്ന യേശുവിനെ. സെഖ.14-ൽ 3 മുതലുള്ള തിരുവചനങ്ങൾ കുറിക്കാം. “എന്നാൽ യഹോവ പുറപ്പെട്ട് താൻ യുദ്ധദിവസത്തിൽ പൊരുതതുപോലെ ആ ജാതികളോട് പൊരുതും. അന്നാളിൽ അവന്റെ കാൽ (സെഖര്യാ പ്രവാചകൻ മറിയത്തിന്റെ ഉദരത്തിൽ പിറക്കാനിരിക്കുന്നവനും ക്രൂശിക്കപ്പെട്ട്, ഉയിർപ്പിക്കപ്പെട്ട് നമുക്കേവർക്കും രക്ഷ നൽകാനിരിക്കുന്നവനും ആയ യേശുക്രിസ്തുവിന്റെ രണ്ടാം വരവിന്റെ രണ്ടാം ഭാഗത്ത് തന്റെ മണവാട്ടിയായ യഥാർത്ഥ സഭയോടുകൂടി ഒലിവുമലയിലേയ്ക്ക് വന്നിറങ്ങി ചവിട്ടുന്നത് പ്രവചനാത്മാവിൽ കണ്ടെഴുതിയതാണ്). യെരുശലേമിന് എതിരെ കിഴക്കുള്ള ഒലിവുമലയിൽ നിൽക്കും. ഒലിവുമല കിഴക്കുപടിഞ്ഞാറായി നടുവെ പിളർന്നുപോകും”.

സെഖര്യാവ് യഹോവ എന്ന യേശുവിനെ അഥവാ യേശു എന്ന യഹോവയെ സത്യാത്മാവിൽ കണ്ട് അനുഭവിച്ച് ആരാധിക്കുകയായിരുന്നു. നമുക്കും അങ്ങനെയാകാൻ പ്രാർത്ഥിക്കുക.

**പുത്രൻ സമ്പൂർണ്ണ ദൈവം**

യേശുക്രിസ്തു കർത്താവാണ്

സങ്കീ.110:1-യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നു (എന്റെ കർത്താവ് യേശുക്രിസ്തുവാണെന്ന് ആർക്കാണറിയാത്തത്)

യേശുക്രിസ്തു വീരനാം ദൈവം

ISAIAH 9:6,7 - For in to us a child is born. Unto us a son is given. And the government will be up on His shoulder. And his name will he called wonderfull counsellor, Mighty God, Everlasting Father, Prince of Peace Of the increase of His government and peace. There will be no end, Upon the throne of David and over His kingdom (NKJV)

യേശ.9:6,7- “നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവൻ അത്ഭുതമന്ത്രി, വീരനാം ദൈവം, നിത്യപിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർദ്ധനക്കും സമാധാനത്തിനും അവസാനമുണ്ടാകുകയില്ല”.

യേശുവിനെ വീരനാം ദൈവമെന്നും നിത്യപിതാവെന്നും വിളിക്കപ്പെടുന്നു എന്നതും സാമാന്യബുദ്ധിയുള്ള എല്ലാവർക്കും മനസ്സിലാകും.

യേശയ്യാവിലൂടെ പ്രവചനാത്മാവ് സംസാരിച്ചെഴുതിച്ചതാണ്. സംശയിക്കേണ്ട! യേശു ദൈവം തന്നെയാണ്. യേശു നിത്യപിതാവാകുന്നത് എങ്ങനെയെന്നാൽ യഹോവയായ നിത്യപിതാവും യേശുവും ഒന്നുതന്നെയാകുന്നതുകൊണ്ടാണ്.

**യേശുക്രിസ്തു ദൈവമായതുകൊണ്ട് പിതാവിനേപ്പോലെ ആരാധന സ്വീകരിച്ചു.** മത്താ.14:33-ൽ പടകിലുള്ളവർ യേശുവിനെ നമസ്ക്കരിച്ചപ്പോഴും (ആരാധിച്ചപ്പോഴും) മത്താ.28:9-ൽ അവർ അടുത്ത് വന്ന് കാൽ പിടിച്ച് അവനെ നമസ്ക്കരിച്ചപ്പോഴും (ആരാധിച്ചപ്പോഴും) മത്താ.28:17-ലെ ആരാധനയുടെ സമയത്തും യോഹ.9:38 -ലെ കാഴ്ച പ്രാപിച്ച കുരുടൻ കർത്താവിനെ നമസ്ക്കരിച്ചപ്പോഴും മത്താ.15-ൽ കനാന്യസ്ത്രീ യേശുവിനെ നമസ്ക്കരിച്ചപ്പോഴും ഒന്നും അവൻ പിതാവിനും പരിശുദ്ധാത്മാവിനും സമനല്ലായിരുന്നുവെങ്കിൽ ആരാധന നിഷേധിക്കുമായിരുന്നു.

താൻ ദേവാലയത്തെക്കാളും (മത്താ.12:6) ശബ്ബത്തിനേക്കാളും (മത്താ.12:8) വലിയവനാണെന്ന ക്രിസ്തുവിന്റെ അവകാശവാദവും, ക്രിസ്തു തന്നെയും പാപം മോചിച്ചു കൊടുക്കുന്നതും (മർക്കോ.2:5,10) തന്നിൽക്കൂടി മാത്രമെ പിതാവിനെ കാണാൻ കഴിയുകയുള്ളു എന്ന അർത്ഥത്തിലും താൻ പിതാവിന്റെ നേരായ പകർപ്പാണെന്ന അർത്ഥത്തിലും “എന്നെ കണ്ടവർ പിതാവിനെ കണ്ടിരിക്കുന്നു” (യോഹ.14:9) എന്ന നമ്മുടെ കർത്താവിന്റെ പ്രസ്തവനയും താൻതന്നെ യഹോവ എന്ന് സംശയാതീതമായി തെളിയിക്കുകയാണ്.

മത്താ.22:44- “ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഢമാക്കുവോളം എന്റെ വലതുഭാഗത്ത് ഇരിക്കുക. എന്ന് **കർത്താവ് എന്റെ കർത്താ**

# അടിസ്ഥാന ദൈവശാസ്ത്രം
# Fundamental Knowledge of THEOLOGY

knowledge of the truth
സത്യത്തിന്റെ പരിജ്ഞാനം

Apostle: Devasia Mullakkara

**വിനോട്** അരുളിച്ചെയ്തു". 110-ാം സങ്കീർത്തനം 1-ാം വാക്യം "യഹോവ എന്റെ കർത്താവിനോട് അരുളിച്ചെയ്യുന്നത്" അതുപോലെ 110-ാം സങ്കീർത്തനം 5-ാം വാക്യത്തിൽ നിന്റെ വലതുഭാഗത്ത് ഇരിക്കുന്ന കർത്താവ് എന്നെല്ലാം വായിക്കുമ്പോൾ പിതാവും പുത്രനും തുല്യരെന്ന് വീണ്ടും വീണ്ടും തെളിയുകയാണ്. തുല്യരാണന്നേ ഉള്ളു. ഒരിക്കലും പിതാവ് പുത്രനൊ പുത്രൻ പിതാവൊ ആകുന്നില്ല. അതുപോലെ പരിശുദ്ധാത്മാവും ഒരിക്കലും പുത്രനൊ പിതാവൊ ആകുന്നില്ല. പിതാവിൽ നിന്നും പരിശുദ്ധാതമാവിൽ നിന്നും വളരെ വ്യത്യസ്തമായ ഒരു ആളത്തമാണ് പുത്രനുള്ളത്. പുത്രനാം ദൈവം മനുഷ്യനായി അവതരിച്ചു എന്നാണ് ആ കാതലായ ആ വ്യത്യാസം. അക്കാരണത്താൽ പുത്രന് മനുഷ്യത്തത്തോടൊപ്പം ദൈവത്വവുമുണ്ട്, ആളത്വത്തിൽ മാത്രമാണ് വ്യത്യാസം. ദൈവത്വത്തിൽ യാതൊരു വ്യത്യാസവുമില്ല. ലോകത്തിലേക്ക് യേശു എന്ന പുത്രൻ വരുന്നതിനുമുമ്പ് അവന്റെ പൂർവ്വാസ്ഥിത്വം എങ്ങനെയായിരുന്നുവെന്ന് പൗലോസ് അപ്പൊസ്തലൻ ഫിലി.2:6,7-ൽ പറയുന്നു. "അവൻ ദൈവരൂപത്തിൽ ഇരിക്കെ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചുകൊള്ളേണം എന്ന് വിചാരിക്കാതെ ദാസരൂപം എടുത്ത് മനുഷ്യസാദൃശ്യത്തിലായി....."

പുത്രൻ ദൈവമായിരുന്നവനാണ്, ആയിരിക്കുന്നവനുമാണ്, എന്നാൽ മാനവരക്ഷയ്ക്കുവേണ്ടി താൻ ദാസരൂപം സ്വീകരിക്കേണ്ട ഘട്ടം വന്നപ്പോൾ ദൈവത്തോടുള്ള സമത്വം ദൈവവ്യവസ്ഥയനുസരിച്ച് വേണ്ടെന്ന് വയ്ക്കുകയായിരുന്നു. എന്നിട്ട് ഭൂമിയിൽ പിതാവിന്റെ വക്താവായിത്തീരുകയായിരുന്നു.

"ആമേൻ, ആമേൻ ഞാൻ നിങ്ങളോട് പറയുന്നു അബ്രഹാം ജനിച്ചതിനുമുമ്പെ ഞാനുണ്ട്" (യോഹ.8:53). അബ്രഹാമിന് മുമ്പെയുള്ള ക്രിസ്തു ദൈവത്തോടുള്ള സമത്വം വേണ്ടെന്ന് വച്ചാണ് ഭൂമിയിലക്ക് വന്നത്.

ജരാനരകൾ ബാധിക്കുകയില്ലാത്ത മൂന്ന് നിത്യന്മാരെ നമുക്ക് കാണാം. പിതാവും, പുത്രനും, പരിശുദ്ധാത്മാവും. പക്ഷെ മൂവരും ഒരു സ്നേഹകൂട്ടായ്മയിലാണ്. തുല്യരാണ്. വെവ്വേറെ ഡ്യൂട്ടികളുണ്ടെന്നു മാത്രം. അതുപോലെ കണ്ടെത്തിയാൽ മൂന്ന് സർവ്വവ്യാപികളെയും മൂന്ന് സർവ്വജ്ഞാനികളെയും കാണാം. മൂന്ന് സർവ്വശക്തന്മാരെയും കാണാം. പക്ഷെ ത്രീയേകദൈവമാണെന്നും കാണാം. കാണണം. സാരാംശത്തിൽ അവർ ഒന്നാണ്. ഇതാണ് ത്രീത്വം എന്നത് ഒരു മർമ്മമാകുന്നത്.

**1. പ്രശ്നപരിഹാരങ്ങൾ**

സദൃശ്യവാക്യങ്ങൾ 8:22-ൽ "യഹോവ പണ്ടു പണ്ടെ തന്റെ വഴിയുടെ ആരഭമായി, തന്റെ പ്രവർത്തികളുടെ ആദ്യമായി എന്നെ ഉളവാക്കി".

ഈ വേദഭാഗം വച്ചുകൊണ്ടാണ് പിതാവ് ആദ്യനും പുത്രനെ സൃഷ്ടിച്ചു എന്ന് പലരും വാദിക്കുന്നത്. NKJV ബൈബിളിലെ തർജ്ജമ: The Lord possessed me at the begining of his way, before his workas of old, എന്നതാണ്. യഹോവ എന്നെ അവകാശമായിക്കൊണ്ട് എന്നു മാത്രമെ ആ പ്രയോഗത്തിന് അർത്ഥമുള്ളു, സ്വന്തമായികൊണ്ടു എന്നും അർത്ഥം. പുത്രനെ പിതാവ് സൃഷ്ടിച്ചു എന്ന് ഇംഗ്ലീഷ് തർജ്ജമയ്ക്ക് അർത്ഥമില്ല.

ഇവിടെ നാം അറിയേണ്ട കാര്യങ്ങൾ:-

1 സദൃശ്യവാക്യങ്ങൾ 8-ൽ ജ്ഞാനത്തെയാണ് വർണ്ണിക്കുക- ക്രിസ്തുവിനെയല്ല.

2. സദൃശ്യവാക്യങ്ങൾ 8-ൽ 15,16-ൽ 'ജ്ഞാനത്തെ' ഞാൻ എന്നാണ് സംബോധന ചെയ്തിരിക്കുന്നത്. "ഞാൻ മുഖാന്തരം രാജാക്കന്മാർ വാഴുന്നു. പ്രഭുക്കന്മാർ നീതിയെ നടത്തുന്നു. ഞാൻ മുഖാന്തരം അധിപതിമാരും പ്രധാനികളും ഭൂമിയിലെ ന്യായാധിപന്മാരൊക്കെയും ആധിപത്യം നടത്തുന്നു" .

മഹാജ്ഞാനിയായ ശലോമോൻ ജ്ഞാനത്തെ സ്ത്രീയോട് ആളത്വീകരിച്ചത് മാത്രമെ നമുക്ക് കാണാൻ പറ്റൂ. ഇതൊരിക്കലും യേശുക്രിസ്തുവിനോട് ബന്ധമുള്ള ഒരു പ്രവചനമല്ല. ജ്ഞാനവും ക്രിസ്തുവും രണ്ടാണ് എന്ന് തെളിയിക്കാൻ കഴിയും. ലൂക്കോ.2:40-ൽ "പൈതൽ വളർന്നു, ജ്ഞാനം നിറഞ്ഞു, ആത്മാവിൽ ബലപ്പെട്ടു പോന്നു" . 1 കൊറി.13:9-ൽ **ജ്ഞാനമൊ അത് നീങ്ങിപ്പോകും**. പുത്രൻ സൃഷ്ടിക്കപ്പെട്ടവനല്ല പിതാവിൽ നിന്നും പുറപ്പെട്ടവൻ ആണെന്ന്

# അടിസ്ഥാന ദൈവശാസ്ത്രം

ഭാഗം 1

knowledge of the truth

സത്യത്തിന്റെ പരിജ്ഞാനം

# Fundamental Knowledge of THEOLOGY

Part-1

Apostle Devasia Mullakkara

മീഖാ.5:2-ൽ കാണുന്നു. "അവന്റെ ഉത്ഭവം പണ്ടെയുള്ളതും പുരാതനമായതും തന്നെ". യഹോവസാക്ഷികൾ അവരുടെ ബൈബിളിൽ ഈ ഭാഗം തെറ്റിച്ചാണ് എഴുതിയിരിക്കുന്നത്. അവന്റെ പുറപ്പാട് ആരംഭത്തിൽ തന്നെ. നിത്യതയുടെ നാളുകളിൽ തന്നെയുള്ളത്.

യേശുക്രിസ്തുവിന്റെ പുറപ്പാടിനേക്കുറിച്ചാണ് പറയുന്നത്. പിതാവിൽ നിന്നും പുതുതായി പുറപ്പെടുന്നതിനേക്കുറിച്ചല്ല. പുത്രന്റെ ദൈവത്വത്തിന് ആരംഭമില്ല. മനുഷ്യരക്ഷക്കായി പുറപ്പെട്ടതിന് ആരംഭമുണ്ടെന്ന് പറയാം. യോഹ.1:2,3 വാക്യപ്രകാരവും കൊളൊ.1:16 വാക്യ പ്രകാരവും പ്രപഞ്ചസ്രഷ്ടാവ് യേശുക്രിസ്തുവാണ്. അതിന് ദൈവം ഉപയോഗിച്ചത് തന്റെ അനന്തമായ ജ്ഞാനം തന്നെയാണ്. 1 കൊറി.1:24-ലും ലൂക്കോ.7:35-ലും ക്രിസ്തുവിനെ ദൈവത്തിന്റെ ജ്ഞാനമെന്ന് വിളിച്ചിരിക്കുന്നതിന്റെ യഥാർത്ഥ അർത്ഥം എന്താണെന്നോ. ക്രിസ്തു അക്ഷരാർത്ഥത്തിൽ ജ്ഞാനമാണെന്നല്ല, ക്രിസ്തുവിൽ ജ്ഞാനമുണ്ടെന്നാണ്. കൊളോ.2:3-ൽ പറയുന്നത് : "അവനിൽ ജ്ഞാനത്തിന്റെയും പരിജ്ഞാനത്തിന്റെയും നിക്ഷേപങ്ങളൊക്കെ ഗുപ്തമായിട്ടിരിക്കുന്നു" . ജ്ഞാനത്തിന് ആളത്വം കൽപ്പിച്ച് ശലേമോൻ പറഞ്ഞ വേദവാക്യമാണ് സദൃശ്യവാക്യങ്ങൾ 8-ന്റെ 22.

## 2. പ്രശ്നപരിഹാരങ്ങൾ

യേശ.42:8 "ഞാൻ യഹോവ അതു തന്നെ എന്റെ നാമം. ഞാൻ എന്റെ മഹത്വം മറ്റൊരുത്തനും എന്റെ സ്തുതി ഒരു വിഗ്രഹങ്ങൾക്കും വിട്ടുകൊടുക്കയില്ല" .

ഈ വേദഭാഗത്ത് ഉദ്ദേശിക്കുന്നത് യേശുക്രിസ്തുവിനേപ്പറ്റിയാണ്. യേശ.43:11-ൽ ഞാൻ, ഞാൻ തന്നെ,



ഞാൻ സന്തോഷ്. എന്റെ മകനുവേണ്ടി കർത്താവായ യേശു ചെയ്ത അത്ഭുതകരമായ ഒരനുഭവം ഞാനിവിടെ പങ്കുവയ്ക്കട്ടെ. മകന് 10-ാം ക്ലാസ്സിൽ (CBSE) നല്ല റിസൾട്ട് ലഭിക്കുന്നതിനുവേണ്ടി പ്രാർത്ഥിച്ചിരുന്നു. അന്ന് സാർ പ്രാർത്ഥിച്ചതിനു ശേഷം 80 % ശതമാനം എന്ന് കാണിക്കുന്നുണ്ടെന്നും അത് 100 % ശതമാനം ആകുവാൻ പ്രാർത്ഥിക്കാമെന്നും പറഞ്ഞു. അങ്ങനെ പ്രാർത്ഥിച്ചതനുസരിച്ച് റിസൾട്ട് വന്നപ്പോൾ എല്ലാ വിഷയങ്ങൾക്കും A+ ലഭിക്കുവാനിടയായി. ഈ കർത്താവിനെ ഞാൻ സ്തുതിക്കുന്നു ആരാധിക്കുന്നു. **സന്തോഷ്. പനങ്ങാട്.**

**Ph:** 9497461449



പാ.യേശുദാസ്, പാ.ടോമിച്ചൻ എന്നിവരുടെ നേതൃത്വത്തിൽ ജൂൺ 26-ന് തിരുവല്ലായിൽ നടത്തിയ ഹാർവെസ്റ്റേഴ്സ് മീറ്റിംഗങ്ങിൽ പങ്കെടുത്തവർ.

# അടിസ്ഥാന ദൈവശാസ്ത്രം
# Fundamental Knowledge of THEOLOGY
knowledge of the truth സത്യത്തിന്റെ പരിജ്ഞാനം

യഹോവ; ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല. രക്ഷകനും രക്ഷിതാവുമായി മനുഷ്യവർഗ്ഗത്തിന് ആയിത്തീർന്ന വ്യക്തിയാരെന്നോ! പുത്രനാം ദൈവം മാത്രമാണ്. യേശുവാണ് മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പുകാരനും രക്ഷകനും. വെളി.1:4-ൽ യേശുവിനേക്കുറിച്ചാണ് "ഇരിക്കുന്നവനും, ഇരുന്നവനും, വരുന്നവനുമായവൻ" എന്ന് പറയുന്നത്. വെളി.1:8-ൽ "ഞാൻ ആൽഫയും ഒമേഗയുമാകുന്നു". മനുഷ്യവർഗ്ഗത്തിന് രക്ഷിതാവായിത്തീർന്നത് യേശുക്രിസ്തുവാണെന്നതിൽ ആർക്കും സംശയമില്ല. എങ്കിൽ യേശ.42:8-ലും 43:11-ലും പരാമർശിക്കപ്പെടുന്നതും പ്രവചനാത്മാവിനാൽ യേശു തന്നെ.

### 3. പ്രശ്നപരിഹാരങ്ങൾ

ആ നാളും നാഴികയും സംബന്ധിച്ചോ പിതാവല്ലാതെ സ്വർഗ്ഗത്തിലെ ദൂതന്മാരും അറിയില്ല (മർക്കോ.13:32) ക്രിസ്തുവിന്റെ വരവിനേക്കുറിച്ചുള്ള Details പുത്രനറിയില്ലെങ്കിൽ അങ്ങനെയുള്ള ഒരാൾ എങ്ങനെ ദൈവമാകും ? അതന്വേഷിക്കണ്ട എന്നു സാരം. കർത്താവിന്റെ മടങ്ങിവരവിനേപ്പറ്റിയുള്ള ശിഷ്യന്മാരോട് ചോദ്യത്തിന് മറുപടി പറയുകയായിരുന്നു യേശു. പിതാവും പുത്രനും പരിശുദ്ധാത്മാവും- മൂവരും തുല്യർ തന്നെയാണ്. പ്രവൃത്തിയോടുള്ള ബന്ധത്തിൽ പിതാവിന്റെ ഇഷ്ടം മാത്രം പ്രവത്തിക്കുന്ന വ്യക്തിയാണ് യേശുക്രിസ്തു. പിതാവ് എന്താണൊ വെളിപ്പെടുത്തിക്കൊടുക്കുന്നത് അതാണ് പുത്രന് അറിയിക്കുവാനുള്ളത്. കർത്താവെ നീ സകലതും അറിയുന്നു (യോഹ.21:17). ക്രിസ്തു ദൈവത്തിന്റെ ജ്ഞാനമാണ് (1 കൊരി.1:24). "ഞാൻ ഒരു നാളും



ആശ. ഉള്ളൂർ. തിരുവനന്തപുരം. Ph:9400953421

എനിക്ക് 6 വർഷമായി നടുവിന് നല്ല വേദനയായിരുന്നു. കുനിയാൻ സാധിക്കില്ലായിരുന്നു. ചികിത്സകൾകൊണ്ടൊന്നും യാതൊരു ഫലവുമുണ്ടായില്ല. 2015 ജൂൺ 27-ന് പരുത്തിപ്പാറയിൽ സത്യവചനം പ്രസംഗിക്കുന്ന ദേവസ്യാ മുല്ലക്കരസാറിന്റെ പ്രാർത്ഥനാ ശുശ്രൂഷയിൽ പങ്കെടുക്കാനിടയായത്. സാറിന്റെ പ്രാർത്ഥനക്കു ശേഷം കർത്താവിന്റെ കൃപയാൽ എനിക്ക് നേരെ നിൽക്കാൻ ശക്തികിട്ടി. അത്രയും നാൾ കൂനി നടന്ന എനിക്ക് അത്ഭുതകരമായ വിടുതൽ കിട്ടി.

**വിദേശത്തുനിന്നും ആത്മാഭിഷേകം പ്രോഗ്രാമുകളെ സഹായിക്കുവാൻ ആഗ്രഹിക്കുന്നവർ ദയവായി താഴെ എഴുതിയ കാര്യങ്ങൾ ശ്രദ്ധിക്കണമെ**

വിദേശകറൻസി ആയിട്ടു മാത്രം സഹായം സ്വീകരിക്കാവുന്ന FCRA അക്കൗണ്ട് (ഇന്ത്യൻ കറൻസിയൊ കൺവർട്ട് ചെയ്ത ഇന്ത്യൻ മണിയൊ അയയ്ക്കാൻ പാടില്ല)

| | | |
|---|---|---|
| Account name | : | Church of Eternity |
| Account No. | : | 5020 0000 967756 |
| Bank Name | : | HDFC |
| Branch | : | Vazhakala, Ernakulam, Kerala, S.India |
| IFSC Code | : | HDFC 000 1508 |
| SWIFT Code | : | HDFC INBB |
| FCRA No. | : | 052 850 563 (Current Account) |

ട്രസ്റ്റുകളുടെ പേരിൽ സഹായം അയയ്ക്കുവാൻ അനുവാദമില്ലാത്ത രാജ്യങ്ങളിൽ നിന്നും ഇന്ത്യൻ മണിയിലേക്ക് കൺവർട്ട് ചെയ്ത് ഈ അക്കൗണ്ടിലേക്ക് അയയ്ക്കാവുന്നതാണ്.

| | | |
|---|---|---|
| Account name | : | Devasia M.V |
| Account No. | : | 10340100190147 |
| Bank Name | : | Federal Bank |
| Branch | : | Thrikkakara, Ernakulam, kerala, S.India |
| IFSC Code | : | FDRL 0001034 |
| SWIFT Code | : | FDRLINBBIBD |




"നിങ്ങളെ അറിയില്ല" (മത്താ.7:22,23) എന്നു പറഞ്ഞതിന്റെ അർത്ഥം യേശുവിന്റെ അറിവ് പരിമിതമാണെന്നാണൊ ? ഒരു പ്രത്യേക ലക്ഷ്യമാണ് ആ പ്രസ്താവനയ്ക്കുള്ളത്. ആ നാളും നാഴികയും സംബന്ധിച്ച് യാതൊരു അറിവുമില്ല എന്ന അർത്ഥത്തിലല്ല ആ വാക്യപ്രയോഗം. പിതാവ് സ്വന്ത അധികാരത്തിൽ വെച്ചിട്ടുള്ള ഒരു പ്രത്യേ സംഗതിയാണെന്നാണ്.

ത്രിത്വത്തിൽ മൂവർക്കുമുള്ള സ്ഥാനങ്ങളും "ഡ്യൂട്ടി" കളും വ്യത്യസ്തങ്ങളാണ്. പിതാവിന്റെ സ്ഥാനവും ജോലിയും പുത്രനൊ പുത്രന്റേത് പിതാവൊ ഏറ്റെടുക്കാറില്ല, അതുപോലെ തന്നെയാണ് പരിശുദ്ധാത്മാവിന്റെ കാര്യവും. ദൈവപിതാവിന്റെ സ്വന്തം അധികാരത്തിലുള്ള കാര്യമാണ് ആ നാളും നാഴികയും വെളിപ്പെടുത്തുക എന്നത്. അക്കാര്യവും പിശുദ്ധാത്മാവിനും യേശുകർത്താവിനും അറിയാം. പക്ഷെ അവർ ആ പിതാവിന്റെ സ്ഥാനത്തെയും ജോലിയെയും മാനിക്കുന്നു.

**4. പ്രശ്നപരിഹാരങ്ങൾ**

യോഹ.14:28- "എന്റെ പിതാവ് എന്നേക്കാൾ വലിയനല്ലോ. പിതാവിനെ പുത്രൻ എപ്പോഴും മാനിക്കുന്നു. വീണ്ടെടുപ്പുവേല ക്രൂശിതമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയും നിർവ്വഹിക്കുവാൻ പിതാവിനാൽ അയക്കപ്പെട്ടവനാണ് പുത്രൻ. നമ്മുടെ വീട്ടിലുള്ള കുട്ടികളേപ്പോലെ പിതാവിലൂടെ ജൈവശാസ്ത്രപരമായി ഉണ്ടായവനല്ല ക്രിസ്തു. അവനെ ആരും ഉണ്ടായക്കിയത് അല്ല. അവനുണ്ടായവനാണ്. മനുഷ്യപുത്രനായി കടന്നുവന്നതുകൊണ്ട് പിതാവെ എന്ന് വിളിക്കുന്നതാണ്. പിതാവ് പുത്രനേക്കാൾ വലിയവൻ തന്നെ ഭൂമിയിലും കാലത്തിലും. സ്വർഗ്ഗത്തിലല്ല, നിത്യതയിലുമല്ല.

യേശുക്രിസ്തുവിന്റെ മനുഷ്യത്വത്തിലാണ്, പിതൃത്വം; ദൈവത്വത്തിലല്ല. പിതാവ് പുത്രനേക്കാൾ Greater എന്നേയുള്ളു. better എന്നോ big എന്നോ അല്ല പറഞ്ഞത്.

പിതാവും പുത്രനും പ്രകൃത്യാൽ തുല്യരാണ്. പിതാവിനേക്കാൾ ചെറിയ വ്യക്തിത്വമല്ല പുത്രന്. മനുഷ്യപുത്രനായി യേശു ഭൂമിയിൽ ആയിരുന്നപ്പോൾ അവൻ ദൈവം തന്നെയെങ്കിലും സ്വർഗ്ഗത്തിൽ ദൈവമെന്ന നിലയിൽ പിതാവ് പുത്രനേക്കാൾ Greater ആണല്ലോ. അത് മാത്രമാണുദ്ദേശിച്ചത്. ഞാനും പിതാവും ഒന്നാകുന്നു (യോഹ.10:30) എന്നു പറഞ്ഞതിവിടെ അനുസ്മരിക്കാം.

**5. പ്രശ്നപരിഹാരങ്ങൾ**

"അന്ന് അവൻ എല്ലാ വാഴ്ച്ചക്കും അധികാരത്തിനും നീക്കം വരുത്തിയിട്ട് രാജ്യം പിതാവായ ദൈവത്തെ ഏൽപ്പിക്കും" (1 കൊറി.15:24).

യേശുക്രിസ്തു പിതാവിന് കീഴടങ്ങുന്നു എന്നത് തന്റെ ദൈവത്വത്തെ ബാധിക്കുന്ന കാര്യമല്ല. ദൈവീകകാര്യ പരിപായിയിലെ നിർവ്വഹണപരമായ ഒരു വിധേയത്വമാണ് ക്രിസ്തുവിന്റെ വിധേയത്വം. മാനവരക്ഷക്കുവേണ്ടി കടന്നുവന്ന, ക്രൂശിൽ രക്ഷാകരമെങ്കിലും ലജ്ജാകരമായി മരിച്ച ക്രിസ്തുവിന്റെ ദൈവീകവ്യവസ്ഥയിലുള്ള ഒരു പ്രവർത്തനശൈലി മാത്രമാണീ കാഴ്ച. ആ രക്ഷണ്യവേലയിലെ മാനുഷികമായ ഒരവസ്ഥയാണ് പിതാവിനോട് പ്രാർത്ഥിച്ചതും മറ്റും. സർവ്വശക്തനായതുകൊണ്ടാണ് എല്ലാ വാഴ്ചയെയും

ഇന്ത്യയ്ക്കകത്തു നിന്നു മാത്രമുള്ള സാമ്പത്തികസഹായങ്ങൾ
ഞങ്ങളുടെ ഈ അക്കൗണ്ടിലേയ്ക്ക് അയച്ചു തരിക
ചർച്ച് ഓഫ് ഇറ്റേണിറ്റി
A/c No: 1034 0100 205 721
ഫെഡറൽ ബാങ്ക്, തൃക്കാക്കര ബ്രാഞ്ച്, എറണാകുളം
IFSC Code : FDRL 000 1034




ആയുധവർഗ്ഗം വെപ്പിച്ചത്. രാജ്യം പിതാവായ ദൈവത്തെ ഏൽപ്പിക്കും എന്നാണ് വചനം. ദൈവത്തിന്റെയും ക്രിസ്തുവിന്റെയും (എഫേ.5:5) രാജ്യമാണ് ദൈവരാജ്യം. പിതാവിനെ ഏൽപ്പിക്കും മുമ്പ് പുത്രൻ ദൈവരാജ്യം ഭരിച്ചു. ഇനി പിതാവ് ഭരിക്കും. പിതാവ് പുത്രനെ സകലതും ഏൽപ്പിച്ചപ്പോൾ പിതാവ് ദൈവമല്ലാതായിത്തീരാത്തതുപോലെ പുത്രൻ പിതാവിന് ദൈവരാജ്യം കൊടുത്തുകഴിയുമ്പോഴും പുത്രൻ കഴിവെല്ലാം ചോർന്നുപോയ ഒരാളായിത്തീർന്നുവെന്നല്ല അവൻ ദൈവം തന്നെയാണ് എന്നാണർത്ഥം.

**6. പ്രശ്നപരിഹാരങ്ങൾ**

"എന്നാൽ ഏത് പുരുഷന്റേയും തല ക്രിസ്തു. സ്ത്രീയുടെ തല പുരുഷൻ. ക്രിസ്തുവിന്റെ തല ദൈവം എന്ന് നിങ്ങളറിയേണം" (1 കൊറി.11:3). ക്രിസ്തുവിന്റെ തല ദൈവമെങ്കിൽ ക്രിസ്തുവിനേക്കാൾ വലിയ വ്യക്തിയല്ലൊ പിതാവ് ?

ദൈവസഭയിൽ കുടുംബജീവിതം എങ്ങനെയുള്ളതായിരിക്കണമെന്നാണ് അപ്പൊസ്തലനായ പൗലോസ് ഇവിടെ പറയുന്നത്. കുടുംബത്തിലായാലും സഭായോഗത്തിലായാലും സ്ത്രീയുടെ തല പുരുഷനാണ്. പുരുഷന്റെ തല ക്രിസ്തു. ക്രിസ്തുവിന്റെ തല ദൈവം

സാരാംശത്തിൽ പിതാവും പുത്രനും പരിശുദ്ധാത്മാവും തുല്യരാണ്. തുല്യ പങ്കാളിത്തമാണ് മൂവർക്കുമുള്ളത്. അവരുടെ ത്രീയേകത്വത്തിൽ ഏതെങ്കിലുമൊരാൾക്ക് വലിപ്പമൊ മറ്റൊരാൾക്ക് ചെറുപ്പമൊ ഉള്ളതായി തിരുവെഴുത്ത് വെളിപ്പെടുത്തുന്നില്ല. പക്ഷെ മൂന്ന് ആളത്വങ്ങളുടേയും തലയായി ദൈവപിതാവ് ഇരിക്കുന്നു. ദൈവപുത്രൻ, മനുഷ്യപുത്രനായി, തീരുന്ന സാഹചര്യത്തിലാണ്, ദൈവപിതാവായി മാറുന്നത്. അങ്ങനെ പിതാവിനെ പിതാവെന്ന് വിളിച്ചെങ്കിൽ അത് വിളിച്ചവന്റെ ഔന്നത്യത്തെയാണ് സൂചിപ്പിക്കുന്നത്, ദൈവീകവ്യവസ്ഥയുടെ ക്രമപ്രകാരം പുത്രന്റെ തല പിതാവു തന്നെ. പക്ഷെ ക്രിസ്തുവിന്റെ ദൈവമല്ല പിതാവ്, അവർ തുല്യരാണ്.


**7. പ്രശ്നപരിഹാരങ്ങൾ**

"എന്നാൽ ആകാശത്തിലൊ ഭൂമിയിലൊ ദേവന്മാർ എന്ന് പേരുള്ളവർ ഉണ്ടെന്നുവരികിലും പിതാവായ ഏകദൈവമെ നമുക്കുള്ളു. അവൻ സകലത്തിനും കാരണഭൂതനും നാം അവന്നായി ജീവിക്കേണ്ടതും ആകുന്നു, യേശുക്രിസ്തു എന്ന ഏക കർത്താവും നമുക്കുണ്ട്, അവൻ മുഖാന്തരം സകലവും അവൻ മുഖാന്തരം നാമും ആകുന്നു" (1 കൊറി.5:6).

പൗലോസ് തന്റെ ലേഖനങ്ങളിൽ ഏകദൈവത്തേപ്പറ്റി പറയാറുണ്ട്. 2 കൊറി.13:14-ൽ ഏകദൈവത്തിലുള്ള ബഹുത്വത്തെയും, അവരുടെ തുല്യപങ്കാളിത്തത്തെയും എടുത്തുപറയുന്നുണ്ട്, തീത്തോ.2:12,13-ൽ യേശുവിനെ മഹാദൈവമെന്നും നമ്മുടെ രക്ഷിതാവെന്നും പറയുന്നുണ്ട്.

ദൈവം ഏകനെന്ന് പറഞ്ഞിട്ട് ദൈവത്തിന്റെ ആളത്തത്തിലെ രണ്ടാമത്തെ വ്യക്തിയായ കർത്താവിനേപ്പറ്റിയും പറഞ്ഞിരിക്കുന്നു.

ഏക സത്യ ദൈവത്തെ ഉയർത്തിക്കാണിക്കുവാനാണ് പുത്രൻ വെളിപ്പെട്ടതുതന്നെ. അവർ സാരാംശത്തിൽ ഒന്നു തന്നെ. യേശുക്രിസ്തു പിതാവിൽനിന്നും അൽപ്പം ചെറിയ ദൈവമാണെന്നല്ല പൗലോസ് പഠിപ്പിച്ചത്, ദൈവം ഏകനാണെന്നും യേശുക്രിസ്തു കർത്താവാണെന്നും പിതാവും പുത്രനും പരിശുദ്ധാത്മാവും (2 കൊറി.13:14) എന്ന ദൈവീക ആളത്തങ്ങളെയും ആണ് അപ്പൊസ്തലൻ പഠിപ്പിച്ചത് ●






ഭൂമിയുടെ കാന്തികമണ്ഡലം അതിവേഗം നശിക്കുന്നു; ഭൂമി മരണത്തിലേക്ക്.............

അനുദിനം ഭൂമിയുടെ കാന്തികമണ്ഡലം ക്ഷയിച്ചുകൊണ്ടിരിക്കുകയാണെന്ന് യൂറോപ്യൻ സ്പേസ് ഏജൻസി. സ്ഥിതി അതീവ ഗൗരവമുള്ളതാണെന്നും ഭൂമിയിൽ ജീവൻ നിലനിൽക്കുമോ എന്ന് സംശയമാണെന്നും യൂറോപ്യൻ സ്പേസ് ഏജൻസി മുന്നറിയിപ്പ് നൽകുന്നു.

യൂറോപ്യൻ സ്പേസ് ഏജൻസിയുടെ സ്വാം സാറ്റലൈറ്റാണ് ഇതുസംബന്ധിച്ച് കണ്ടെത്തൽ നടത്തിയത്. ഭൂമിയുടെ കാന്തികമണ്ഡലം നശിച്ചാൽ ആപത്ക്കരമായ സൗരക്കാറ്റുകൾ ഇവിടുത്തെ അന്തരീക്ഷത്തെ ക്ഷയിപ്പിക്കുമെന്നാണ് സ്വാം മിഷൻ മുന്നറിയിപ്പ് നൽകിയിരിക്കുന്നത്.

സൂര്യനിൽ നിന്നുള്ള ആപത്ക്കരമായ കിരണങ്ങളെ തടഞ്ഞുനിർത്തി ഭൂമിയിലെ ജീവജാലങ്ങളെ അപകടത്തിൽ നിന്നും സംരക്ഷിക്കുന്നത് ഭൂമിയെ പൊതിഞ്ഞ് നിലകൊള്ളുന്ന കാന്തികവലയമാണ്. എന്നാൽ സൂര്യനിൽ നിന്നുണ്ടാകുന്ന സൗരകാറ്റിന്റെ ശക്തി കൂടുന്നതിനനുസരിച്ച് കാന്തികമണ്ഡലത്തിന്റെ ശക്തി ക്ഷയിക്കുന്നുമുണ്ട്. ഭൂമിയുടെ ക്രോർ, ക്രസ്റ്റ്, മാൻഡിൽ സമുദ്രങ്ങൾ, അയണോസ്ഫിയർ, മാഗ്നെറ്റോസ് ഫിയർ എന്നിവടങ്ങളിൽ നിന്നുള്ള മാഗ്നറ്റിക് സിഗ്നലുകളെ നിരീക്ഷിച്ചതിനുശേഷമാണ് സ്വാം മിഷൻ ഈ ഞെട്ടിപ്പിക്കുന്ന വിവരങ്ങൾ നൽകിയിരിക്കുന്നത്.

സ്വാം മിഷനിൽ മൂന്ന് സാറ്റലൈറ്റുകളാണ് ഉൾപ്പെടുന്നത്. കഴിഞ്ഞ ഒരു വർഷമായി ഇവ ഭൂമിയെ നിരീക്ഷിക്കുകയായിരുന്നു. ഉപഗ്രഹങ്ങൾ നൽകിയ വിവരങ്ങൾ അനുസരിച്ചാണെങ്കിൽ മാരകമായ സൗരവാതങ്ങൾ ഭൂമിയുടെ അന്തരീക്ഷത്തിൽ പ്രവേശിക്കാൻ അധികകാലം വേണ്ടിവരില്ല. അങ്ങനെ സംഭവിച്ചാൽ ഭൂമിയുടെ അന്തരീക്ഷത്തിന്റെ കട്ടി കുറയുന്നതിനും ജീവജാലങ്ങളുടെ നാശത്തിനും കാരണമാകും. സൂര്യനിൽ നിന്നുള്ള മാരകമായ രശ്മികൾ ഭൂമിയിൽ എത്തിച്ചേരുകയും ചെയ്യും. ഭൂമിയിലെ ജീവജാലങ്ങൾ ആ സാഹചര്യത്തെ അതിജീവിക്കുവാൻ സാധ്യതില്ലെന്നാണ് ശാസ്ത്രലകം മുന്നറിയിപ്പ് നൽകുന്നത്.

കടപ്പാട്: തൂലികാന്യൂസ്

**STATEMENT ABOUT OWNERSHIP AND OTHER PARTICULARS ABOUT MONTHLYMAGAZINE ATHMABHISHEKAM**

1. Place of Publication : Kamballur
2. Periodicity of the Publication : Monthly
3. Printer's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511
4. Publisher's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O Cherupuzha 670511
5. Editor's Name : Devasia Mullakkara
   Whether Citizen of India : Indian
   (If foreigner,
   State Country of origin) : NA
   Address : Kamballur P.O., Cherupuzha 670511

I Devasia Mullakkara hereby declare that the particulars given above are true to the best of my knowledge and belief.

Sd/
Devasia Mullakkara




| | | |
|---|---|---|
| ജൂലൈ | 16,17,18,20,21 | ഭവനസന്ദർശനം. പുളിങ്ങോം |
| ജൂലൈ | 19 | ഏകദിന കൺവെൻഷൻ പിലാത്തറ വ്യാപാരഭവൻ. Ph:9495066596.10 am 5 pm (ചെറുതാഴം സർവ്വീസ് സഹകരണ ബാങ്കിനു സമീപം) |
| ജൂലൈ | 19 | ഏകദിന കൺവെൻഷൻ. കോഴിക്കോട് വ്യാപാരഭവൻ. 10 am 5 pm (കുരിശുപള്ളിക്ക് സമീപം). നയിക്കുന്നത് കൃപാവരങ്ങൾ ഉപയോഗിച്ച് പ്രവചനശുശ്രൂഷ ചെയ്യുന്ന ചർച്ച് ഓഫ് ഇറ്റേണിറ്റി ദൈവസഭയുടെ വൈസ്പ്രസിഡന്റും തിരുവല്ല സഭയുടെ ശുശ്രൂഷകനുമായ പാ.യേശുദാസ്, Ph:9961854203 |
| ജൂലൈ | 22,23,24 | ഭവനസന്ദർശനം. കാഞ്ഞങ്ങാട് |
| ജൂലൈ | 25 | ഏകദിന കൺവെൻഷൻ. വ്യാപാരഭവൻ. കാഞ്ഞാങ്ങാട്. 10 am 5 pm, Ph:9645707908 |
| ജൂലൈ | 26 | ഏകദിനകൺവെൻഷൻ. ആത്മാഭിഷേകംവചനാശ്രമം പുളിങ്ങോം. Ph:9847786950, 04985213999 10 am 5 pm |
| ജൂലൈ | 28,29,30 | പാസ്റ്റേഴ്സ് കോൺഫറൻസ്. പുളിങ്ങോം.ആത്മാഭിഷേകം വചനാശ്രമം, Ph:9048222384, 04985 213999 |
| ആഗസ്റ്റ് | 3-8 | ഭവനസന്ദർശനം. പത്തനംതിട്ട |
| ആഗസ്റ്റ് | 9 | കൺവൻഷൻ. പത്തനംതിട്ട. Ph:9847052185 10 am 5 pm |
| ആഗസ്റ്റ് | 9 | ഏകദിന കൺവെൻഷൻ, എറണാകുളം ടൗൺഹാൾ. . 10 am 5 pm (നോർത്ത് റെയിൽവെ പാലത്തിനു സമീപം) Ph:9388487301, 9745971555, 9947217398 |
| ആഗസ്റ്റ് | 10-16 | ഡൽഹി. Ph:09958328119 |
| ആഗസ്റ്റ് | 17-23 | ബോംബെ Ph:9447192773, 9747244773 |

ആത്മാഭിഷേകം പ്രോഗ്രാം ഹാർവെസ്റ്റ് ടിവിയിലും പവ്വർവിഷനിലും

HARVEST tv 24X7 CHRISTIAN CHANNEL
ഹാർവെസ്റ്റ് ടിവി
എല്ലാ ആഴ്ചകളിലും
വ്യാഴം , വെള്ളി, ശനി (3 days)
സമയം 8 pm മുതൽ 8.30 pm വരെ

പവ്വർവിഷൻ ടിവി
POWER VISION
എല്ലാ ആഴ്ചകളിലും
ഞായർ മുതൽ ബുധൻ വരെ (4 days)
സമയം: 10 pm മുതൽ 10.30 pm വരെ

divinefire.tv
24x7 web TV
DIVINE FIRE
ഡിവൈൻഫയർ
ഇന്റർനെറ്റിലൂടെ
അനുദിനശുശ്രൂഷകൾ
എല്ലാദിവസവും
24 മണിക്കൂറും
സന്ദർശിക്കുക divinefire.tv

ATHMABHISHEKAM MONTHLY
2015 JULY
RNI No. KER/ MAL/03/12060 - KL/ KNR /41/13 -15 Rs.20.00

Licence No. KL/PMG/NR/WPP/1-2/KNR/2013-2015
License to post without prepayment
Published on 17th July 2015

# പഥ്യോപദേശങ്ങളിലൂടെ
# പരിശുദ്ധാത്മാഭിഷേകം

2015

## ഓഗസ്റ്റ് 25 ചൊവ്വ മുതൽ 29 ശനി വരെ

## ആത്മാഭിഷേകം വചനാശ്രമം, പുളിങ്ങോം

(ചെറുപുഴയ്ക്കടുത്ത്)

പയ്യന്നൂർ പഴയ ബസ്സ്സ്റ്റാന്റിൽ നിന്നും ചെറുപുഴ, പുളിങ്ങോം,
കോഴിച്ചാൽ, രാജഗിരി ഭാഗങ്ങളിലേക്കുള്ള ബസ്സുകളിൽ

### ഓഗസ്റ്റ് 25 ചൊവ്വ

മാനസാന്തരത്തിന്റെയും
വീണ്ടും ജനനത്തിന്റെയും
സ്ഥിരീകരണം.

### ഓഗസ്റ്റ് 26 ബുധൻ

ബൈബിൾ
സത്യങ്ങളിലൂടെ
സഭയുടെ മർമ്മം

### ഓഗസ്റ്റ് 27 വ്യാഴം

കൃപാവരങ്ങളുടെ
പരിശീലനം

### ഓഗസ്റ്റ് 28 വെള്ളി

ശിഷ്യത്വ പരിശീലനം

### ഓഗസ്റ്റ് 29 ശനി

നേതൃത്വ പരിശീലനം

കണ്ണൂർ ജില്ലയിലെ
പുളിങ്ങോത്തുള്ള
ഓഫീസിലേക്ക്മുൻകൂട്ടി
പേര് രജിസ്റ്റർ ചെയ്യുക.
ആദ്യം രജിസ്റ്റർ ചെയ്യുന്ന
500 പേർക്ക് മുൻഗണന.

സഭയുടെ ആത്മാവ്
തൊട്ടറിയേണ്ടവരും
അറിഞ്ഞവരും,
സഭാ മൂപ്പന്മാരും
ഹാർവെസ്റ്റേഴ്സും
യുവജനങ്ങളും.

Printed, Edited and Published by Sri. Devasia Mullakara, On behalf of Athmabhishekam.
Printed at Geethanjali Prints Kozhikode and Published from Kamballur, Cherupuzha (via) Pin - 670 511, Kasaragod (Dt).